6805

232

മലയാളപദ്യസാഹിത്യകാരന്മാർ– 6

MUNAVIRUL ISLAM HIGH SCHOOL ERNAKULAM

## കൊടുങ്ങല്ലൂർ

# കുഞ്ഞിക്കുട്ടൻതമ്പുരാൻ

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്

തിരുവനന്തപുരം

1978

# വിഷയക്രമം


| | | |
|---|---|---|
| | | പേജ് |
| 1. | ആമുഖം | 1 |
| 2. | ബാല്യവും വിദ്യാഭ്യാസവും | 2 |
| 3. | കവിതാരചന | 5 |
| 4. | കുടുംബജീവിതം | 6 |
| 5. | സാഹിത്യപ്രവർത്തനം | 8 |
| 6. | തർജ്ജമ | 19 |
| 7. | ചില പ്രത്യേക സ്വഭാവങ്ങൾ | 24 |
| 8. | സാമൂഹ്യബന്ധം | 26 |
| 9. | ഗുരു എന്ന നിലയിൽ | 29 |
| 10. | ഗദ്യരചനയും പത്രപ്രവർത്തനവും | 31 |
| 11. | ഭാരതതർജ്ജമ | 32 |
| 12. | കത്തുകൾ | 37 |
| 13. | വേദാന്തചിന്തകൻ | 45 |
| 14. | പാട്ടുകൾ | 47 |
| 15. | ശബ്ദാലങ്കാരങ്ങൾ | 52 |
| 16. | സമസ്യാപൂരണം | 55 |
| 17. | ചില പ്രത്യേക ശ്ലോകങ്ങൾ | 56 |
| 13. | ദ്വിതീയാക്ഷരപ്രാസം | 59 |
| 19. | മംഗളശ്ലോകങ്ങളും ഛായാശ്ലോകങ്ങളും | 61 |
| 20. | കേരളവ്യാസന്റെ അന്ത്യം | 65 |

08൫

കൊടുങ്ങല്ലൂർ

# കുഞ്ഞിക്കുട്ടൻ തമ്പുരാൻ

## (കേരള വ്യാസൻ)

" പരം പ്രഭാ തൂലികയാൽജ്ജഗത്തിൻ
നിറം കൊടുക്കും രവി ചിത്രകാരൻ
പരന്നൊരഭ്രപ്പലകപ്പുറത്തി–
ട്ടരംകലർത്തുന്നിതു വർണ്ണമെല്ലാം.
ഘനങ്ങളിൽ ശൈല മൃഗാദിയായു–
ള്ളനന്തരൂപങ്ങൾ കുറിച്ചുനോക്കി
ഇനൻ പലേടം പല വർണ്ണമിട്ടു
മിനുക്കി മായ്ക്കുന്നു തെളിഞ്ഞിടാതെ".

മനോഹരമായ ഈ വർണ്ണചിത്രം രചിച്ച കലാകാരനെപ്പററി അൽപം ചിലതെങ്കിലും അറിഞ്ഞിരിക്കേണ്ടത് കേരളീയരുടെയെല്ലാം ഒരു ആവശ്യം തന്നെയാണ്. " കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ " എന്ന ഓമനപ്പേരു കേൾക്കാത്ത മലയാളികൾ കാണുകയില്ല. അദ്ദേഹത്തിൻെറ യഥാർത്ഥനാമം 'രാമവർമ്മാ' എന്നാണ്.

കൊല്ലവർഷം 11–ാം നൂററാണ്ടിൻെറ മധ്യഘട്ടം മലയാളസാഹിത്യത്തിൽ ഒരു നവോത്ഥാനത്തിൻെറ സുവർണ്ണദശയായിരുന്നു. മലയാളഭാഷയിൽ അന്നു സാമാന്യജനങ്ങൾ വിദ്യാഭ്യാസം സാർവത്രികമായി നേടിയിരുന്നില്ല. ഭക്തിയും വിജ്ഞാനവും വിനോദവും സംജാതമാകാനുതകത്തക്കവണ്ണം ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും എഴുത്തച്ഛൻെറ കിളിപ്പാട്ടുകളും കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്പാട്ടുകളും

അന്നു പ്രചാരത്തിലിരുന്നു. ചമ്പു കൃതികളായിരുന്നു മറെറാരു സാഹിത്യശാഖ.

കൊടുങ്ങല്ലൂർ കോവിലകം കേന്ദ്രമാക്കി പ്രവർത്തിച്ച കവികൾ ഈ കാലഘട്ടത്തിൽ സാഹിത്യത്തിനു വളരെയധികം സംഭാവനകൾ നൽകി. ദ്രുതകവനം, തർജ്ജമ, കല്പിതകൃതികൾ, നാടകങ്ങൾ, ഗാഥകൾ, പുരാണകാവ്യങ്ങൾ ഖണ്ഡകാവ്യങ്ങൾ, ശാസ്ത്രകാര്യങ്ങൾ, സംസ്കൃതകൃതികൾ, ഗദ്യലേഖനങ്ങൾ എന്നിങ്ങനെ എല്ലാ ശാഖകളിലും ജനങ്ങളുടെ അഭിരുചിക്കു യോജിച്ച വിധം സാഹിത്യപ്രവർത്തനം നടത്തി കൈരളിയെയും കേരളീയരെയും അനുഗ്രഹിച്ച കുഞ്ഞിക്കുട്ടൻ തമ്പുരാൻ ആയിരുന്നു അവരിൽ എല്ലാംകൊണ്ടും പ്രഥമസ്ഥാനം അലങ്കരിച്ചത്.

## 2 ബാല്യവും വിദ്യാഭ്യാസവും

കൊടുങ്ങല്ലൂർ കോവിലകത്തെ കുഞ്ഞിപ്പിള്ളത്തമ്പുരാനെന്ന വിദുഷിയായിരുന്നു കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ മാതാവ്. പണ്ഡിതനും കവിയുമായിരുന്ന വെൺമണി അച്ഛൻ നമ്പൂതിരിപ്പാടു പിതാവും. പല പല ഭജനങ്ങളും നേർച്ചകളും നടത്തിയ മാതാപിതാക്കൾക്കു ലഭിച്ച ദൈവാനുകൂല്യത്താൽ 1040 കന്നി 4-ാം തീയതി അശ്വതിനക്ഷത്രത്തിൽ തമ്പുരാൻ ഭൂജാതനായി. അടിയളന്നു ജനനസമയം തിട്ടപ്പെടുത്തിയ പിതാവു പറയുകയുണ്ടായി. “ ഉണ്ണി നന്നാകും കുട്ടിച്ചാത്തനാണ് ”. ഉണ്ണിക്കു ഒന്നര വയസ്സു പ്രായമായപ്പോൾ മാതാവ് രോഗം നിമിത്തം കിടപ്പിലായി; അന്ന് മുത്തശ്ശി പ്രത്യേകം ശ്രദ്ധിച്ച് ഉണ്ണിയെ വളർത്തി. യാതൊരു വിധ അരിഷ്ടതകളും അനുഭവിക്കാതെ ആ ശിശു വളർന്നു. അഞ്ചാമത്തെ വയസ്സിൽ കുലഗുരുവായ വളപ്പിൽ ഉണ്ണിയാശാൻ ബാലപാഠങ്ങൾ പഠിപ്പിച്ചു തുടങ്ങി. ചെറുപ്പത്തിൽ

പോലും യാതൊരു ശാഠ്യങ്ങളുമില്ലായിരുന്നു. ഉണ്ണിയാശാൻ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്. "എന്തൊരു ധാരണാശക്തി! എന്തും ഒരിക്കൽ പറഞ്ഞാൽ മതിയല്ലോ."

ആർക്കും കുമാരനെപ്പററി "എല്ലാരിലും സൗഹൃദമൊന്നുപോലെ" എന്നേ പറയുവാൻ കഴിഞ്ഞുള്ളൂ. ചിറയ്ക്കൽ കോവിലകത്തെ രാമവർമ്മയും ജ്യോൽസ്യൻ സുബ്രഹ്മണ്യശാസ്ത്രിയും, കാത്തുള്ളി അച്യുതമേനോനും കഥാപുരുഷൻെറ സഹപാഠികളായിരുന്നു. ആരുടെ അടുക്കൽ പെരുമാററാനും കുഞ്ഞിക്കുട്ടനു പ്രത്യേകപരിശീലനം വേണ്ടിവന്നില്ല.

"വളയും കിങ്ങിണിയും പൊൻ
തളയും ഭംഗിയിൽ ചാർത്തി
കളകളമോടി ബ്ബാലൻ
തളരാതെ ലീല ചെയ്തു" എന്ന കവിവാക്യം കുമാരൻെറ ആ ശാലീനമായ പ്രകൃതത്തിന് ഏററവും യോജിച്ചിരുന്നു.

ഏഴു വയസ്സായപ്പോൾ കാവ്യങ്ങൾ പഠിക്കാൻ തുടങ്ങി. പ്രശസ്ത പണ്ഡിതനായ മൂന്നാംകൂർ ഗോദവർമ്മതമ്പുരാനാണ് രഘുവംശം 'മാഘം' നൈഷധം ഇവ പഠിപ്പിച്ചത്. അക്കാലത്തുതന്നെ അദ്ദേഹത്തിൻെറ പ്രതിഭാവിശേഷവും ധാരണാശക്തിയും പരിശ്രമശീലവും എല്ലാവരാലും വാഴ്ത്തപ്പെട്ടു. അച്ഛനോടുകൂടി ക്ഷേത്രത്തിൽ താലപ്പൊലി കാണാൻപോയ സമയത്ത് ഒരു ശ്ലോകം രചിച്ചത് തൻെറ കവിതാവാസന വെളിപ്പെടുത്തുന്ന ഒരു സംഭവമാണ്. 1049-ൽ ഗോദവർമ്മതമ്പുരാൻെറ നിര്യാണത്തോടുകൂടി സംസ്കൃതവ്യാകരണം തർക്കം തുടങ്ങിയ ശാസ്ത്രപാഠങ്ങൾ പഠിപ്പിക്കുന്ന ചുമതല കൊടുങ്ങല്ലൂർ വിദ്വാൻ കുഞ്ഞിരാമ

വർമ്മ ഇളയതമ്പുരാൻ ഏററു. പന്തുകളി, ഗോലികളി, ചതുരംഗം ഇവയിലെല്ലാം തത്പരനായിരുന്നെങ്കിലും ജാഗ്രതയോടെ കുമാരൻ പഠിക്കുമായിരുന്നു. അതിനിടയിൽ ചില കവിതകളും രചിച്ചിരുന്നു. പ്രായമായിട്ടും എവിടെയെങ്കിലും ഗോലികളി കണ്ടാൽ കൂട്ടത്തിൽ ചേർന്ന് എത്രസമയം വേണമെങ്കിലും കളിച്ചുകൊണ്ടിരുന്നു പോകും. മാത്രമല്ല താനാദ്യം എടുക്കുന്ന ഗോലി ഏതു കൂട്ടത്തിലും തിരിച്ചറിയാനുള്ള ഒരു കഴിവും ഉണ്ടായിരുന്നു കുഞ്ഞുക്കുട്ടന്.

പതിനാറു വയസ്സായപ്പോഴേയ്ക്കും സംസ്കൃതവ്യാകരണശാസ്ത്രഗ്രന്ഥങ്ങളായ കൗമുദി, മനോരമ, പരിഭാഷേന്ദുശേഖരം (മുഴുവൻ) ശബ്ദേന്ദുശേഖരം ഇവയെല്ലാം മനഃപാഠമാക്കിക്കഴിഞ്ഞു. കളിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അടുക്കളയിൽക്കയറി പലഹാരങ്ങളും മററും എടുത്തു ഭക്ഷിക്കുക പതിവായിരുന്നു.

ഭാഷാശാസ്ത്രം മാത്രമല്ല തർക്കം അലങ്കാരം മുതലായവയിലും പണ്ഡിതനായി. കുഞ്ഞൻതമ്പുരാനാണ് മുക്താവലി എന്ന തർക്കശാസ്ത്രഗ്രന്ഥം പഠിപ്പിച്ചത്. ശങ്കരഗോപാചാര്യർ വ്യുല്പത്തിവാദവും വലിയ കൊച്ചുണ്ണിത്തമ്പുരാൻ ജ്യോതിശ്ശാസ്ത്രവും പഠിപ്പിച്ചു. പഞ്ചബോധം വരെയുള്ള ഗണിതക്രിയചെയ്യാൻ പഠിപ്പിച്ചതു മുത്തശ്ശിയുമായിരുന്നു.

എല്ലാ വിഷയത്തിലും വൈദുഷ്യം സമ്പാദിച്ചശേഷമാണ് ഉപനയനം നടന്നത്. ഉപനയനത്തിനുശേഷം മുറപ്രകാരം പരദേവതയായ കൊടുങ്ങല്ലൂർ ഭഗവതിയെ മൂന്നുകൊല്ലം കഠിനനിഷ്ഠയോടെ ഭജിച്ചു. അതു കഴിഞ്ഞതോടെ "കളകരുണ കളിക്കുന്ന കാളീകടാക്ഷം" സിദ്ധിച്ച് തമ്പു

രാനു കവിയശസ്സു വർദ്ധിക്കാനും തുടങ്ങി. കവിതാഭ്രമത്തെ പ്രോൽസാഹിപ്പിക്കുവാൻ വെൺമണിമഹനും കൊച്ചുണ്ണി ത്തമ്പുരാനും ഉണ്ടായിരുന്നു. ആ വസ്തുതയാണ് ഒരു കവിതയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത്:—

"മഞ്ജുശ്രീ കവി വെൺമണിക്ഷിതിസുരൻ
വാൽസല്യ ഭാരത്തിനാൽ
ഭഞ്ജിക്കാതെ തനിക്കെഴുന്ന കവിതാ
ചാതുര്യമർപ്പിക്കയാൽ" — എന്ന്.

## 3 കവിതാരചന

കഥാപുരുഷൻ പതിനാറാമത്തെ വയസ്സിനു ശേഷം പഠിത്തത്തിൽ ശ്രദ്ധിക്കാതെയായി. സാഹിത്യകാര്യത്തിലായി താത്പര്യം. ആ കാലത്തുതന്നെ ദക്ഷയാഗശതകം മണി പ്രവാളവും ലക്ഷ്മണാസംഗം നാടകവും രചിക്കുകയുണ്ടായി. ഏതു കൃതിയും ഗുരുനാഥനെക്കാണിച്ച് അഭിപ്രായം ലഭി ച്ചിട്ടേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. അന്ന് 12 മണിക്കൂർ സമ യംകൊണ്ട് ഒരു നാടകരചനാമൽസരം നടന്നു. അങ്ങനെ രചി ച്ചതാണ് സന്താനഗോപാലം. അതിലെ കഥ സാധാരണ ക്കാർക്ക് സുപരിചിതമാണല്ലോ. കുട്ടികളെല്ലാം നഷ്ടപ്പെ ട്ടബ്രാഹ്മണനു പിന്നീടുണ്ടാകുന്ന കുട്ടിയെ രക്ഷിച്ചുകൊടു ക്കാമെന്ന അർജ്ജുനൻെറ വീരവാദത്തിൽ ശങ്കതോന്നിയ ഭാര്യയോടു ബ്രാഹ്മണൻ പറയുന്നഭാഗം ഇങ്ങനെയാണ്.

ബ്രാഹ്മ:— അത്ര ഉറപ്പിച്ചു പറഞ്ഞതുകൊണ്ട് കാര്യം സാ ധിക്കുമെന്നു തന്നെ ഉറച്ചോളൂ. അമാനുഷമായ വളരെ കാ ര്യം ചെയ്തിട്ടുള്ള ആളാണ് അർജ്ജുനൻ.

"പൈത്തോലും ബലമാർന്നെഴുന്ന സുരരാ-
മക്കാലകേയാദിയാം
പൈതൽപ്പൊൻ മറിമാൻ കുലത്തിലധികാ
ശാർദൂല വിക്രീഡിതം
ചെയ്തോരദ്ഭുത ശക്തിയുള്ള വിജയ-
ന്നിക്കാര്യവും സാധ്യമാ-
മേതും ശങ്കനിനച്ചിടേണ്ട, സുഖമാം
കാന്തേ, നിനക്കിന്നിമേൽ."

അതു കേട്ടു ബ്രാഹ്മണഭാര്യ ഇങ്ങനെ പറഞ്ഞു:-

"മടിനടുവിൽ വഹിച്ചും-
മാനമോടുമ്മവച്ചും,
പൊടിചളികൾ തുടച്ചും,-
പുഞ്ചിരിക്കായ്ക്കൊതിച്ചും,
ഇടയിലിഹ കരഞ്ഞാൽ-
കണ്ണുനീർ താൻ തുടച്ചും,
വടിവിനൊടു വളർത്തും-
സൗഖ്യമെന്തോതിടേണ്ടൂ?"

ആ കാലത്തു തന്നെ ഒരു ദ്രുതകവനമൽസരത്തിൽ രചിച്ചതാണ് 'നളചരിതം' നാടകം. അന്നത്തെ നാടകങ്ങളിൽ ഗദ്യത്തിന്റെ സ്ഥാനത്ത് മിക്ക സന്ദർഭങ്ങളിലും പദ്യമായിരുന്നു. ആ രീതി ഒന്നു മാററണമെന്നു വെണ്മണിഅച്ഛനും കുഞ്ഞിരാമവർമ്മ തമ്പുരാനും ഉപദേശിച്ചതനുസരിച്ചു നമ്മുടെ കവി നാടകങ്ങളിൽ കൂടുതൽ ഗദ്യം കലർത്തി ആ പ്രസ്ഥാനം പരിഷ്ക്കരിച്ചു.

## 4 കുടുംബ ജീവിതം

കുലാചാരപ്രകാരം തമ്പുരാൻ ഇരുപത്തൊന്നാമത്തെ വയസ്സിൽ കോയിപ്പള്ളിൽ പാപ്പിയമ്മയെ പരിഗ്രഹിച്ചു. ആ

ബന്ധത്തിൽ ഒരു മകളും (സരസ്വതി) ഒരു മകനും (രാമക്കുറുപ്പ്) ഉണ്ടായി. ആ മകൾക്കു ബാലശിക്ഷ വാങ്ങിക്കുവാൻ പദ്യമായി കത്തെഴുതിയ കഥ പരക്കെ അറിവുള്ളതാണ്. ഗദ്യത്തിലെഴുതുന്നതിനെക്കാൾ ആശയം ഒരു പദ്യത്തിൽ നർമ്മരസം കലർത്തി ഉൾക്കൊള്ളിക്കാമെന്ന് അദ്ദേഹത്തിനു വിശ്വാസമുണ്ടായിരുന്നു. ആ പ്രസ്ഥാനം അദ്ദേഹത്തെപ്പോലെ സ്വാധീനമായിരുന്ന മററധികം പേരെ അറിഞ്ഞിട്ടില്ല. അദ്ദേഹം പദ്യരൂപത്തിൽ പലെടത്തും പ്രസംഗം നടത്തുകവരെ ചെയ്തിട്ടുണ്ട്. കൊടുങ്ങല്ലൂർ പെൺപള്ളിക്കൂടത്തിൽ ശിശു ക്ളാസിൽ പഠിച്ചിരുന്ന മകൾക്ക് 'ബാലശിക്ഷ' വാങ്ങിച്ചു കൊടുക്കുവാൻ പ്രധാനാദ്ധ്യാപകനായ താഴത്തുവാട്ടിൽ രാമൻമേനവൻെറ പേർക്കായിരുന്നു കത്ത്.

"ബാലശിക്ഷയ്ക്കലട്ടുന്നു
ബാലപുത്രി സരസ്വതി
അലട്ടുതീർത്തു വിട്ടേയ്ക്കു
വിലപിന്നെത്തരാമെടോ" എന്നെഴുതിയതിലും

പ്രാസഭംഗിയും ആശയനൈർമ്മല്യവും കലർത്തിയിരിക്കുന്നു.

ആദ്യഭാര്യ മരിച്ചുപോയശേഷം കുഞ്ഞുങ്ങളെ വളർത്തിയതു തിരുമനസ്സിലെ മാതാവാണ്. കുട്ടികൾക്ക് ആവശ്യത്തിനുള്ള സ്വത്തും കൊടുത്തിരുന്നു. പിന്നീടദ്ദേഹം തൃശൂർ വടക്കേക്കുറുപ്പത്തു കിഴക്കേ സ്രാമ്പിയിൽ കുട്ടിപ്പാറുവമ്മയുടെ ഭർത്താവായി. ആ സ്ത്രീ ഒരു സംഗീത വിദുഷിയായിരുന്നു. അവരുടെ ഏകപുത്രിയാണു ശ്രീമതി ഭാരതി. കുട്ടിപ്പാറുവമ്മ 1086-ൽ അന്തരിച്ചു. 1068-ൽ തിരുമേനി കോട്ടയ്ക്കൽ സാമൂതിരിക്കോവിലകത്തെ ശ്രീദേവിത്തമ്പുരാട്ടിയെയും ഭാര്യയായി സ്വീകരിച്ചിരുന്നു. ആ ബന്ധം തമ്പുരാൻ മരിക്കുമ്പോഴും നിലവിലുണ്ടായിരുന്നു. ആ തമ്പുരാട്ടി

1105-ലാണു മരിച്ചത്. അവരിലുണ്ടായ രണ്ടു മക്കളിൽ മൂത്ത ചെറിയ തമ്പാട്ടി പൂർണ്ണയൗവനമായ കാലത്തു മരിച്ചുപോയ സംഭവം തമ്പുരാനെ വല്ലാതെ വേദനിപ്പിച്ചു. അച്ഛനും ജ്യേഷ്ഠനും ഉൾപ്പെടെ സ്വജനങ്ങളിൽ പലരും ആയിടയ്ക്കുതന്നെ മരിച്ചുപോയി.

## 5 സാഹിത്യപ്രവർത്തനം

ഹിന്ദുമതത്തിന്റെ കർമ്മകാണ്ഡത്തിൽ വിശിഷ്യ ബ്രാഹ്മണരുടെ പ്രാചീനമായ ആചാരമര്യാദകളിൽ കഥാപുരുഷന് ഉറച്ച പാണ്ഡിത്യമുണ്ടായിരുന്നു. പല ആചാരവിധികളിലും പലർക്കും ഉണ്ടാകാറുള്ള സംശയങ്ങൾക്ക് അക്കാലത്തു നിവൃത്തി വരുത്തിയിരുന്നതു തമ്പുരാനായിരുന്നു. ആ വഴിക്കു കൂടുതൽ ചിന്തിച്ചതിന്റെ ഫലമായിട്ടായിരിക്കാം അദ്ദേഹത്തിനു ചരിത്രവിഷയത്തിൽ കൂടുതൽ താൽപര്യമുണ്ടായത്. കേരളപൂർവചരിത്രവും മലയാളഭാഷാചരിത്രവും അദ്ദേഹം കൂടുതലായി പഠിച്ചു. അദ്ദേഹം രചിച്ച 'മാർത്താണ്ഡവിജയം' എന്ന ചരിത്രനാടകം പെരുമാക്കന്മാരുടെ കാലത്തെ ഒരു കഥയടിസ്ഥാനമാക്കിയുള്ളതാണ്. 'കേരളം' എന്ന ചരിത്രകാവ്യം മുപ്പതു സർഗങ്ങളായി എഴുതാൻ തുടങ്ങി അതു പത്തു സർഗ്ഗങ്ങളോളമേ എഴുതാൻ കഴിഞ്ഞുള്ളൂ. അതിലും അഞ്ചു സർഗ്ഗമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ.

സാഹിത്യപ്രവർത്തനം തന്റെ ജീവിതധർമ്മമായി കരുതിയതല്ലാതെ അതുവഴി ധനമോ പ്രശസ്തിയോ സമ്പാദിക്കണമെന്ന് അഭിലഷിച്ചിരുന്നില്ല. ചില നിഷ്ഠകളേ തനിക്കുണ്ടായിരുന്നുള്ളൂ. വെററിലമുറുക്ക്. അതു മുടങ്ങാൻ പാടില്ലായിരുന്നു. വെററില നൂറു (ചുണ്ണാമ്പ്) തേച്ചു വേണ്ടതരത്തിൽ കൊടുക്കാൻ പ്രത്യേകം ആളുണ്ടായിരിക്കും.

അതുപോലെ കവിത വേണ്ടത്ര ആലോചിച്ചശേഷം കാണാപ്പാഠം ചൊല്ലുന്നതു പോലങ്ങു പറഞ്ഞുകൊടുക്കും. എഴുതിയെടുക്കാൻ വേറെ ആളുവേണം. എഴുത്തിനു തമ്പുരാനു തീരെ വേഗത ഇല്ലായിരുന്നു. എഴുത്തുകാരിൽ പ്രധാനി "കുന്നേഴുത്തു പരമേശ്വരമേനവ"നായിരുന്നു. മേനോനും സാഹിത്യത്തിലും ചരിത്രവിഷയങ്ങളിലും നല്ല വ്യുല്പത്തിയുണ്ടായിരുന്നു. ഈ എഴുത്തുകാരന്റെ ദ്രുതലേഖന സാമർത്ഥ്യം കൊണ്ടാണ് ചാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതം പ്രസിദ്ധീകരിക്കുന്നതിനു മുൻപേ തമ്പുരാൻ മറ്റൊരു ഉത്തരരാമചരിതം പുറത്തിറക്കിയത്. അക്കാലം മുതൽക്കാണ് തമ്പുരാന് "സരസദ്രുതകവി കിരീടമണി" എന്ന സ്ഥാനം ലഭിച്ചതും.

അവിടുത്തെ വിശിഷ്ട ഗുണങ്ങളായിരുന്നു നിരന്തര പരിശ്രമവും, പ്രതിഭാവിലാസവും, മനോനൈർമ്മല്യവും, സമഭാവനയും. ഭാഷാകവിതയുടെ അഭിവൃദ്ധിക്ക് ആ ഗുണങ്ങളെല്ലാം പ്രയോജനപ്പെട്ടു. തിരുമേനി പിതാവിന്റെ മാർഗം തുടർന്നു ചില മണിപ്രവാളകൃതികൾ രചിച്ചു. പിതാവിന്റെ കവിതാഗുണം ഉദാഹരിക്കുവാൻ ഈ ശ്ലോകം പരിശോധിക്കാം:—

"ജാതിത്വത്തിന്നു 'രാജൻ'; ദ്രുത കവിതയിലാ
"ക്കുഞ്ഞ" ഭൂജാനി ഭാഷാ-
നീതിക്കൊക്കും പഴക്കത്തിന്നു 'നടുവ' മിട-
യ്ക്ക 'ച്യുതൻ' മെച്ചമോടേ
ജാതപ്രാസം തകർക്കും, 'ശുചിമണി' രചനാ-
ഭംഗിയിൽപ്പൊങ്ങിനിൽക്കും
ചേതോമോദം പരക്കെത്തരുവതിനൊരുവൻ
കൊച്ചുകൊച്ചുണ്ണി ഭൂപൻ"

ഇതിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ ദ്രുതകവനത്തിൽ ആരെയും വെന്നു നിൽക്കുന്നു എന്ന പ്രസ്താവം കൂടെയടങ്ങിയിരിക്കുന്നു.

എന്നാൽ ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം സ്വതന്ത്രമായ ഒരു കവിതാസരണിയും വെട്ടിത്തുറന്നു. സാധാരണക്കാർക്കു സുഗമമായ പച്ച മലയാളപ്രസ്ഥാനം. 'നല്ല ഭാഷ' എന്ന കൃതിയിലൂടെ പച്ച മലയാളത്തിലെഴുതിയാലും രസസ്ഫൂർത്തിക്കു ഭ്രംശം വരികയില്ല എന്നും തെളിയിച്ചു. സംസ്കൃതപ്രാചുര്യമുള്ള പഴയ ഭാഷാകാവ്യങ്ങളിൽ ജനങ്ങൾക്കുണ്ടായിരുന്ന വൈരസ്യം മാററിയെടുക്കാനാണു തമ്പുരാൻ ശ്രമിച്ചത്. അതു ഫലിക്കുകയും ചെയ്തു. 'നല്ല ഭാഷ' എന്ന കാവ്യത്തിൽ 52 ശ്ലോകങ്ങളാണ്. കൊച്ചി രാജാവും സാമൂതിരിയും ഒരു നമ്പൂതിരിയും കഥാപാത്രങ്ങളാണ്. മോഷണം പോയ ഒരു സാധനം കണ്ടുപിടിക്കുന്ന ഒരു സംഭവവും. അതു ബുദ്ധിപൂർവം കൈകാര്യം ചെയ്യുന്നുമുണ്ട്. ഒരു ശ്ലോകം ഉദ്ധരിക്കാം:—

"ആരോടെല്ലാം പറഞ്ഞൂ പണമിവിടെയിരി-
പ്പുള്ള, താരോടുമില്ലേ;
നേരോ? നേരാണ്; ചൊല്ലില്ലിതു ചെറിയൊരക-
ത്താളൊടുമ്പായിരിക്കാം,
പോരും; നേരാണിതെന്നാൽപ്പറവതു വെറുതേ;
പോയതോ പോയിടട്ടേ;
പൂരത്തിൻനാൾ വരൂനോക്കൊരുമയൊടൊരു വേ-
ളയ്ക്കു വേലയ്ക്കു പോകാം."

മററു ശ്ലോകങ്ങളും ഇതുപോലെ ഹൃദയംഗമമായിരിക്കുന്നു. തമ്പുരാൻെറ മറെറാരു പച്ച മലയാള കവിതയാണ് 'ഒടി'.

കുണ്ടൂരും ഉള്ളൂരും ഈ പ്രസ്ഥാനം പരീക്ഷിച്ചുനോക്കി പക്ഷേ അതു കേവലം ഒരു സാഹിത്യവിനോദം മാത്രമായി. രുന്നു. സംസ്കൃതപദങ്ങൾ ഭാഷാകവിതയിൽ നിന്നു ബഹിഷ്കരിക്കണമെന്ന് അവർക്ക് ആഗ്രഹമുണ്ടായിരുന്നില്ല.

തമ്പുരാൻ മണിപ്രവാളരീതിയിൽ രചിച്ച ദക്ഷയാഗ ശതകം എന്ന കൃതിയിലേയ്ക്ക് ഒന്നു ശ്രദ്ധിക്കാം. യാഗത്തിനൊരുക്കങ്ങൾ ചെയ്ത ദക്ഷൻ മകൾ സതിയെ ക്ഷണിച്ചില്ല. സഹോദരിമാരും ബന്ധുക്കളും മററും വന്നുചേരുന്ന ആഘോഷത്തിനു പോകണമെന്നു സതി മോഹിച്ചു. ക്ഷണിക്കാത്തിടത്തു പോകാൻ ശിവൻ വിസമ്മതിച്ചു. അടുത്ത ശ്ലോകം നോക്കാം:—

"കാന്തനു സമ്മതമല്ലിതു-
ഞാന്താനേ പോകിലായതും ദോഷം
എന്തിഹ ചെയ്യുവതെന്നോ-
ർത്തന്തര മിളകിച്ചമഞ്ഞു ദേവിക്ക്."

എന്നിട്ടു ദേവി ചെയ്തതെന്തെന്നുകൂടെ അറിയുന്നതു രസാവഹമായിരിക്കും.

"അങ്ങോട്ടൽപ്പം നടന്നും പുനരതി വിവശ-
ത്വാത്തൊടിങ്ങോട്ടു പോന്നും
മങ്ങും ദുഃഖം മുതിർന്നും മുഹുരപിനയനേ-
കണ്ണുനീർവന്നു വാർന്നും
തങ്ങൾക്കെന്തോന്നു ചെയ്‌വോരു ചിതമിതിപെരു-
ത്തത്തലോടുള്ളുഴന്നും
തങ്ങിത്തങ്ങിത്തിരിച്ചജ്ജനകനുടെ ഗൃഹ-
ത്തിങ്കലേക്കായ് നടന്നു."

ഇത്ര തന്മയത്വത്തോടെ ഒരു ചിത്രം വരച്ചുകാട്ടുക സാധാരണക്കാർക്ക് സാധ്യമല്ല.

പാലുള്ളിചരിതം. ഒരു ഐതിഹ്യം പ്രതിപാദിച്ച് ഒരു നായികയുടെ ചാരിത്രനിഷ്ഠയും പാലുള്ളിനമ്പൂരിയുടെ സമര വൈദഗ്ധ്യവും മററും ഇതിൽ വർണ്ണിച്ചിരിക്കുന്നു. സ്വഭാവോക്തിക്കുദാഹരണമായിട്ടു കണക്കാക്കാവുന്ന ഒരു ശ്ലോകം:—

"പട്ടും പട്ടുറുമാലുമേറെ-
    വിലയേറീടുന്ന കുപ്പായവും
മൊട്ടച്ചാത്തലമൂടു മൂടിയ-
    പകിട്ടേറുന്ന നൽത്തൊപ്പിയും
വട്ടത്താടിവളർത്തു തുമ്പുസമമായ്-
    വെട്ടീട്ടേഴും വക്ത്രവും
മട്ടും ചേർന്നു നടുക്കു-
    കണ്ടിതവരന്നക്കുഞ്ഞുവീരാനെയും"

കേരളത്തിലെ ഐതിഹ്യങ്ങളെ ആധാരമാക്കി തമ്പുരാൻ ധാരാളം ഖണ്ഡകാവ്യങ്ങൾ രചിച്ചിട്ടുള്ളതിൽ ഒന്നാണ് 'തുപ്പൽക്കോളാമ്പി'. പേരുകേട്ടാൽതോന്നുന്നതുപോലെ അതൊരു ആഭാസകൃതിയല്ല. കൊടുങ്ങല്ലൂർ നടന്ന കഥ. രാജാവിൻെറ നീതിനിഷ്ഠ തെളിഞ്ഞുകാണുന്നു അതും ദ്രുതകവനമാണ്.

**മദിരാശിയാത്ര.**

കൊച്ചി രാജകുടുംബത്തിലെ കുഞ്ഞുണ്ണിത്തമ്പുരാൻ മദ്രാസിൽ പഠിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തെ സംസ്കൃതം പഠിപ്പിക്കാനായി അവിടെച്ചെന്നു കുറെക്കാലം താമസിക്കേണ്ടിവന്ന തിരുമേനി അന്നെഴുതിയ 'യാത്രാകൃതി' യാണ് മദിരാശിയാത്ര. ഈ കൃതിക്കുമുൻപ് അച്ഛൻനമ്പൂതിരി

പ്പാട് 'രാമേശ്വരയാത്ര' എന്നൊരു കൃതി എഴുതിയിട്ടുണ്ടെങ്കിലും 'ദയയൊരു ലവലേശം പോലുമില്ലാത്ത ദേശം' എന്നിങ്ങനെ ചില പദ്യഭാഗങ്ങളല്ലാതെ പൂർണ്ണകൃതി കിട്ടിയിട്ടില്ല. ആ നിലയ്ക്ക് ആദ്യത്തെ ഒരു പൂർണ്ണയാത്രാകൃതിയായി കണക്കാക്കാവുന്നത് മദിരാശിയാത്രയാണ്. ഒരു ശ്ലോകം പരിശോധിക്കാം.

"കാലത്തേററു കുളിച്ചു കാവിലരുളും
കാളീപദം കൂപ്പി, യു-
ണ്ടാലസ്യം നിറയാതെ നല്ല മഴയ-
"ത്തൂഴം" വഴിക്കങ്ങനെ
ബാലേ, വഞ്ചി പിടിച്ചൊരെട്ടരമണി-
ക്കെത്തീട്ടുടൻ വണ്ടിയിൽ
ച്ചാലേ ഞാൻ "കരുവപ്പടന്ന" വഴിയേ
"തൃശ്ശൂർക്ക് പോന്നേൻ പ്രിയേ."

കൊടുങ്ങല്ലൂർ നിന്നു തിരിച്ചു മദിരാശിയിലെത്തുന്നതുവരെയുള്ള വഴിയും പട്ടണത്തിലെ കാഴ്ചകളും വർണ്ണിച്ചിട്ടുള്ള ഈ കൃതി രസപ്രദവും വിജ്ഞാനപ്രദവുമായ ഒന്നാണ്. ആ വാസനാ കവിയുടെ വർണ്ണനാചാതുരിക്ക് ഒരു ഉദാഹരണംകൂടെ ചേർക്കുകയാണ്. മദിരാശിയിൽക്കണ്ട വെള്ളക്കാരുടെ കുട്ടികളെയാണ് ഈ ശ്ലോകത്തിൽ വർണ്ണിക്കുന്നത്.

"വട്ടത്തൊപ്പിയിലാടിടുന്ന കുനുപീലി-
പ്രൗഢിയും ബൂട്സതിൽ-
ത്തട്ടീട്ടങ്ങുരസും വരയ്ക്കടിവരെ
ത്തൂങ്ങുന്ന കുപ്പായവും
കട്ടിക്കാലുറയും കരത്തിലൊരു നൽ
ക്കാററാടിയും വച്ചുകൊ-
ണ്ടൊട്ടേറെക്കളിയാടിടുന്നൊരു ദൊര-
പ്പൈതങ്ങളെക്കണ്ടു ഞാൻ."

മദിരാശി കണ്ടിട്ടില്ലാത്ത മലയാളികൾക്കു ശരിയായ ഒരു വിവരണം കിട്ടാനുതകുന്ന വിധത്തിൽ നിർമ്മിച്ച കൃതി പലർക്കും അക്കാലത്തു യാത്രാകൃതികളെഴുതുവാൻ മാർഗ്ഗദർശകമായിത്തീർന്നിട്ടുണ്ട്.

ഒരു ദിവസം തമ്പുരാൻ കോട്ടയ്ക്കൽ വച്ച് സായാഹ്ന സവാരി കഴിഞ്ഞു വന്ന് 'ഒരായാസം' എന്ന തലക്കെട്ടിൽ ആറു ശ്ലോകങ്ങളെഴുതിയതിൽ ഒരെണ്ണം നോക്കുക.

"കല്ലും മുള്ളും കടുക്കും ചരലുമിവകളിൽ
ക്കാലു വെച്ചിട്ടുകേറി-
ച്ചെല്ലുന്നേരം കിതയ്ക്കും കഴലു കുഴയുമെ-
ന്നുള്ളതോ തുച്ഛമത്രേ;
നല്ലോരായാസമാവശ്യകമുടലിനു സ-
ല്ലാഘവം കിട്ടുമെന്നോ-
ന്നല്ലോർത്താൽ കാററുകൊള്ളുന്നൊരു പരമസുഖം
വേറെയുണ്ടെന്തുവേണ്ടു."

ആരിലും കണ്ടുവരുന്ന ഒരു ദുശ്ശീലമാണു മടി. അതിനെപ്പററി തമ്പുരാൻെറ 'മടി' എന്ന കവിതയിൽ പറയുന്നതു ശ്രദ്ധിക്കുക. വിശേഷിച്ചും വിദ്യാർത്ഥിലോകം ഇതു മനസ്സിലാക്കിയിരിക്കേണ്ടതാണ്.

"ഉൽസാഹചന്ദ്രനൊരു രാഹുസദാവിശിഷ്ട-
സൽസാദ്ധ്യസാധന വിധിക്കു വെറുംമുടക്കം,
നൽസാരവേദികളിലും കളിയാടിടുന്നു
ഹൃൽസാരഹാരി മടിയെന്നമഹാമയക്കം.
പാരിൽ കൃതാർത്ഥതയിൽനിന്നുളവായിവന്നു
പാരിച്ചു നാട്ടിൽ നിറയും വിഷമാണിതത്രേ;
ആരിപ്പടിക്കു പടരും മടിബാധയേററാൽ
നേരിട്ടുയർന്ന മതി മങ്ങി മയങ്ങിടാത്തു?"

* * * * * * *

നിത്യം മനസ്സിനൊരുവേലയെടുക്കുകെന്ന
കൃത്യം സ്വഭാവബലസിദ്ധമിളച്ചുകൂടാ;
സത്യം നിനയ്ക്കിൽ വെറുതേ പരദൂഷണാദി
കൃത്യം കുറിച്ചു മടിയൻ ദിവസം കഴിക്കും."

വേറെ മൂന്നു ശ്ലോകങ്ങൾ കൂടിയേ ഈ കവിതയിലുള്ളൂ.

സാമൂതിരിപ്പാടെഴുന്നള്ളിയിരിക്കുന്ന ദിക്കിൽ രണ്ടു നേരവും പതിവുണ്ടായിരുന്ന ആചാരവെടിയെ തമ്പുരാൻ "ഒരു വെടി" എന്ന കവിതയിൽ ഇങ്ങനെ കൽപിച്ചിരിക്കുന്നു.:—

ചെന്താർ കാന്തൻ കുടുങ്ങി കടലി,ലവനെഴും
രശ്മിയെല്ലാമൊടുങ്ങി,
സന്ധ്യാകാലം തുടങ്ങി, സകലരിപുകുലം
കേവലം കെട്ടടങ്ങി,
എന്തീവണ്ണം ഗുഹയ്ക്കുള്ളതിലിനിയുമൊളി-
ക്കുന്നു വന്നാലുമെന്നായ്
പൊന്തീടും ധൂമമാരാലിരുളിനെ വിളികൂ-
ട്ടുന്നതോ കേട്ടശബ്ദം."

ഒരു വെടിയുടെ നാദത്തെ ആ ഭാവനാസമ്പന്നൻ ഇങ്ങനെ എന്തെല്ലാമായി ഉല്ലേഖനം ചെയ്തിരിക്കുന്നു!

കേരളചരിത്രം ആദ്യമായി കാവ്യമാക്കാൻ ഒരുമ്പെട്ടതു തമ്പുരാനാണ്. അതു പദ്യമാക്കുന്നത് അനുവാചകനു ഹൃദിസ്ഥമാക്കാൻ സൗകര്യം കണ്ടുകൊണ്ടാണ്. വിഷയമേതായാലും ലാളിത്യത്തിനും രസികത്വത്തിനും തമ്പുരാനു കുറവുവരികയില്ലല്ലോ. എവിടെക്കാണുന്ന മുത്തശ്ശിയോടും വൃദ്ധനോടും ഐതിഹ്യങ്ങൾ (പഴമകൾ) കേട്ടുപഠിച്ച് സ്വഹൃദയം ഒരു ചരിത്രഭണ്ഡാരമാക്കി വച്ചിട്ടുമുണ്ട്. ആ പശ്ചാത്തലത്തിൽ രചിച്ച 'കേരള' കാവ്യത്തിലെ ഒരു ശ്ലോകം നോക്കുക:—

"പാങ്ങില്ല കോരിക്കുളിയിങ്ങു നല്ലാർ
മുങ്ങിക്കുളിച്ചേ പരിശുദ്ധിയേൽക്കൂ
അങ്ങാ വടക്കൻ ദിശിയാക്കുല സ്ത്രീ
മുങ്ങാതെ നീരാടി വിശുദ്ധിയേൽപൂ."

ഈ പദ്യത്തിൽ കേരളീയരുടെ ശുചിത്വം വ്യക്തമാക്കുന്നതോടൊപ്പം 'മുങ്ങാതെ നീരാടി വിശുദ്ധിയേൽക്കുന്ന' പരദേശസ്ത്രീകളെ പരിഹസിക്കുകയും ചെയ്തിരിക്കുന്നു. സ്വദേശസ്നേഹത്തിനു നിദർശനമാണ് ഈ പദ്യം. ആലോചനാമൃതങ്ങളായ പദ്യങ്ങൾ എത്രവേണമെങ്കിലും, ഈ കവിതയിലുണ്ട്.

കേരള സ്ത്രീകളുടെ ആയുധാഭ്യാസ പാടവവും ശാലീനമായ സൗന്ദര്യവും സദാചാരബോധവും ഈ കവിതയിൽ ചിത്രീകരിച്ചിട്ടുണ്ട്.

ദ്രുതകവനമായി തമ്പുരാൻ ഒട്ടേറെ നാടകങ്ങളും കവിതകളും എഴുതിയിട്ടുണ്ട്. ആ കവനശേഷി വഴി തന്റെ ജീവിതം ഭാഷാപോഷണത്തിനു വേണ്ടി സമർപ്പിക്കുകയായിരുന്നു. അങ്ങനെ അഞ്ചുമണിക്കൂറും എട്ടുമിനിട്ടും കൊണ്ടു രചിച്ച 'ഗംഗാവതരണം' അദ്ദേഹത്തിന്റെ അൽഭുതാവഹമായ സരസ്വതീപ്രസാദത്തിനുദാഹരണമാണ്. 101 ശ്ലോകങ്ങളും ആവശ്യത്തിനു ഗദ്യവും ആ കൃതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസന്ന മധുരമായ ഈ ശ്ലോകം ഒന്നു ശ്രദ്ധിക്കുക:—

"ഒട്ടേറെ നാളിഹ കൊതിച്ചുകൊതിച്ചിരിക്കെ-
പ്പൊട്ടിപ്പൊടിച്ചൊരു സുമദ്രുമ വല്ലി മെല്ലെ
കഷ്ടിച്ചു കായ്ക്കുവതിനായ്ത്തുനിയുന്നനേരം
വെട്ടിക്കളഞ്ഞവിധമായി മമപ്രയത്നം."

കാസൻ– കംസൻ്റെ ജീവചരിത്രം വിസ്തരിച്ചെഴുതിയിട്ടുള്ള ഒരു കാവ്യം. ശ്രീകൃഷ്ണഭഗവാനെയും ഉചിതമായി ചിത്രീകരിച്ചിട്ടുണ്ട്. ഭാഗവതകഥ മാത്രമല്ല ഇതിലെ ഉള്ളടക്കം. ഭഗവാൻ കൃഷ്ണൻ ആനയോടും പിന്നീടു രണ്ടുമല്ലന്മാരോടും എതിർത്തു നടത്തുന്ന പോരാട്ടത്തിൻ്റെ വർണ്ണന വായിച്ചാൽ തമ്പുരാന് കായികാഭ്യാസത്തിലെ ചടങ്ങുകൾ ഇത്രമാത്രം വശപ്പെട്ടിരുന്നോ എന്നു വിസ്മയിച്ചുപോകും.

രണ്ടു ശ്ലോകങ്ങൾ താഴെ ചേർക്കുന്നു. അതിൽ ആദ്യത്തേതു ജരാസന്ധൻ്റെ കൊമ്പനാനയുടെ നേർക്കു കംസനും രണ്ടാമത്തേതു കംസന് അദ്ദേഹത്തിൽനിന്നു സമ്മാനമായി കിട്ടിയ അതേ ആനയുടെ നേർക്കു ശ്രീകൃഷ്ണനും പ്രദർശിപ്പിക്കുന്ന പരാക്രമങ്ങളാണ്. ആ കൊലക്കൊമ്പനാണ് 'കുവലയാപീഡം.'

1) "മലച്ചുനിൽക്കാത്തവനാശുവാൽ പിടി-
ച്ചുലച്ചുചുററിച്ചു മറിച്ചുവിട്ടതിൽ
ബലച്ചുരുക്കം വെളിവാക്കി മണ്ണിൽവീ-
ണലച്ചു വൻപേറിന കൊമ്പനാനയും"

2) "ചൊടിച്ചു മുന്നോട്ടു കുതിക്കുമാന, യാ-
ഞ്ഞടിച്ചു പിന്നോട്ടു തിരിക്കുമച്യുതൻ;
പിടിച്ചു കുത്താൻ കരിനോക്കു, മൂക്കൊടൊ
ത്തിടിച്ചുചാടും ഹരി സിംഹവിക്രമൻ."

കൃതിരത്നപഞ്ചകത്തിലെ എല്ലാ കൃതികളും ഭാരതകഥകളെ അടിസ്ഥാനമാക്കി എഴുതിയിരിക്കുകയാണ്. എല്ലാം ഒന്നുപോലെ രസികത്വം തികഞ്ഞതാണ്. ശങ്കരാചാര്യചരിതം (മണിപ്രവാളം) ബഭ്രുവാഹനചരിതം (സംസ്കൃതനാടകം) ഇവയും തമ്പുരാൻ്റെ കവനപാടവം വെളിപ്പെടുത്തുന്ന കൃതികളാണ്.

കവിഭാരതം – തമ്പുരാന്റെ ബാല്യകാല കൃതികളിൽ പ്പെടുത്താവുന്നതാണ് കവിഭാരതം. കൊടുങ്ങല്ലൂർ കവിസഭ സ്സിൽ പെട്ടവരും പ്രശസ്തരുമായ കവികളെ മഹാഭാരത കഥയിലെ പ്രധാന കഥാപാത്രങ്ങളായി കൽപിച്ചു രചിച്ച താണ് ഈ കൃതി. രചനാഭംഗിക്കു കോട്ടം തട്ടാത്തതാണു ശ്ലോകങ്ങൾ മുഴുവനും. ഇതു ഏററവും നൂതനമായ ഒരു കവിതാസരണിയാണെന്നു സകലരും പ്രശംസിച്ചിട്ടുണ്ട്. ഭാരതയുദ്ധത്തിലെ പാണ്ഡവൻമാരെയും കൗരവൻമാരെയും ചേരിതിരിച്ച് ഒരു യുദ്ധരംഗത്തണിനിരത്തി കവികളെ പടനായകൻമാരായി ഉല്ലേഖനം ചെയ്തിരിക്കുന്നു. അതു തന്നെ കവിഭാരതയുദ്ധം. മംഗളശ്ലോകം കഴിഞ്ഞുള്ള പ്രസ്താവന ഇതാണ്:–

“തള്ളിക്കേറിപ്പിടിച്ചിട്ടെതൃകവിവരരെ–
 ത്തട്ടിയോടിച്ചു പിന്നെ–
ത്തുള്ളിച്ചാടിക്കളിക്കും കവിപൃഥുപൃതനാ–
 ഭാരതപ്പോരു തന്നിൽ
ഉള്ളിൽക്കാണുന്നവണ്ണം കവിവരനൃവര
 പ്രൗഢരെ ശ്ശക്തി നോക്കി–
ക്കൊള്ളിച്ചോതുന്നു കുഞ്ഞക്ഷിതിപനവനവൻ
 താരതമ്യാതിരമ്യം”

പാണ്ഡവഖണ്ഡത്തിൽ ‘ബഹുവിധ’ കവിതാസൂക്തി വർഷിക്കുന്ന കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനു ദിവ്യ നായ സവ്യസാചി (അർജ്ജുനൻ) യുടെ സ്ഥാനം കൽപി ച്ചിരിക്കുന്നു. വെൺമണി അച്ഛനു ഹനുമാന്റെയും സ്ഥാനം നൽകി. കൗരവഖണ്ഡത്തിൽ കൃതവർമ്മാവിന്റെ കൽപന സഹായമേററുകൊണ്ടാണു കൃതി പൂർത്തിയാക്കുന്ന ത്. ആ ശ്ലോകം ഇതാണ് : –

"ഊനത്വം പിണയാതെ രാജകവിയോ
ടൊട്ടൊട്ടടുക്കുന്നൊരീ
ഞാനത്രേ കവിസംഘസംഗര മതു-
ണ്ടായെങ്കിൽ മായം വിനാ
മാനത്താൽ പൊരുതുന്ന ചാരുകൃതവ-
ർമ്മാവെന്നൊരാ, യാദവ-
സ്ഥാനത്തിന്നനുരൂപനെന്നു മതമീ
ദിക്കിൽ ചിലർക്കൊക്കെയും.

## 6. തർജ്ജമ

കേരളത്തിൽ നാടകതർജ്ജമ ആരംഭിച്ചത് കേരളവർമ്മ വലിയകോയിത്തമ്പുരാനാണ്. കൃതി മണിപ്രവാളശാകുന്തളം. അതിനെത്തുടർന്ന് കവികൾക്കു തർജ്ജമയിൽ ഒരു ഉൽസാഹമായി. കുഞ്ഞിക്കുട്ടൻതമ്പുരാനും ആ വഴി പിടിച്ചു പല നാടകങ്ങളും അയത്നലളിതമായി തർജ്ജമ ചെയ്തു. അതിൽ ഏതുകൊണ്ടും ചൂഡാമണിയായി പ്രശോഭിക്കുന്ന ഒരു കൃതിയത്രേ ആശ്ചര്യചൂഡാമണി. രാമായണകഥയാണു പ്രതിപാദ്യം. മൂലത്തിലെ ആശയം ബലികഴിക്കാതെയുള്ള മികച്ച പദ്യങ്ങളാണ് ചൂഡാമണിക്ക് ആ പ്രശംസയ്ക്കിടയാക്കിയത്. തർജ്ജമ ശ്ലോകങ്ങൾക്കു ആശയസൗരഭ്യം നൽകുവാൻ തമ്പുരാനുള്ള പാടവം പ്രശംസാർഹമാണ്. ഉദാഹരണത്തിന് ജടായു ഗർവിഷ്ഠനായ രാവണനോടു പറയുന്ന വിവിധ വികാരങ്ങൾ നിറഞ്ഞിട്ടുള്ള ഒരു ശ്ലോകം ഉദ്ധരിക്കാം:—

"വെള്ളിക്കുന്നിന്മെൽ മാനക്കൊടുമുടി-
പൊടിയായ്
പ്പോയൊരാളർജ്ജുനൻ താൻ
തള്ളിക്കാരാഗൃഹത്തിൽ ബഹുദിവസമട-
ച്ചിട്ടവൻ ബാലി പിന്നെ

വള്ളിക്കൊക്കുന്ന വാലാൽക്കരനിര മുറുകെ-
ക്കെട്ടിയോൻ നീ ത്രിലോകി
ക്കുള്ളോരക്കാള രാത്രി പ്രതിമനറിയുമേ
നിന്നെ ഞാനാശരേശ."

ഇതിൽ 'വള്ളിക്കൊക്കുന്ന വാലാൽക്കര നിര മുറുകെക്കെട്ടി' എന്ന പ്രയോഗം രാവണനെ പരിഹസിക്കാനും,

'ത്രിലോകിക്കുള്ളോരക്കാളകൂട പ്രതിമൻ' എന്നതു രാക്ഷസേന്ദ്രന്റെ ക്രൗര്യത്തെ പ്രതിഫലിപ്പിക്കാനും 'അറിയുമേ നിന്നെ ഞാനാശരേശ' എന്നു പറഞ്ഞിരിക്കുന്നത് താൻ ദശാസ്യനെ മുമ്പേ തന്നെ അറിയും എന്നു ധരിപ്പിക്കാനും വേണ്ടിയാണ്. ഇതിലെ സ്വാഭാവികതയും ചമൽക്കാരവും അന്യാദൃശമായിരിക്കുന്നു. ചൂഡാമണിയിലെ ഓരോ പദ്യവും മൂലവുമായി തട്ടിച്ചുനോക്കിയാൽ മാത്രമേ തമ്പുരാന്റെ ഭാവനാ സുരഭിലമായ പ്രയോഗചാതുര്യം മനസ്സിലാക്കാൻ കഴിയൂ.

മദാന്ധനായ രാവണൻ ചന്ദ്രനെക്കണ്ടിട്ടു തിരിച്ചറിയാത്ത ഒരു ഘട്ടത്തിൽ മന്ത്രി കരുതുന്നതിങ്ങനെയാണ്:—

"അന്തിയായളവുദിച്ചുയർന്നു പരിതുഷ്ടി
ദൃഷ്ടികളിലേകിയും
സിന്ധുവിന്റെ തിരയിട്ടുലച്ചതിനു സന്തതി-
പ്പൊലിമ നല്കിയും
ഹന്ത! മഞ്ജലി സുഖം തരും മൃദുകരങ്ങൾ
കൊണ്ടു തടവീടുമി-
ച്ചന്തമേറിയൊരു ചന്ദ്രനേയുമറിയുന്ന-
തില്ല ദശകന്ധരൻ.

ലളിതമായ ഈ ശ്ലോകത്തിലെ 'മഞ്ജലിസുഖംതരും മൃദുകരങ്ങൾ' തുടങ്ങിയ പ്രയോഗങ്ങളിലെ സാരള്യം ആരെയാണാകർഷിക്കാത്തത്.

സീതാദേവിയെ ആദ്യം കണ്ട രാവണൻ സങ്കൽപ്പപര്യാകുലനായി വിചാരിക്കുന്ന ഭാഗം കൂടെ ഉദ്ധരിച്ച് ചൂഡാമണീപരാമർശം അവസാനിപ്പിക്കാം:—

"നന്നായുള്ളഴകാം രസായനരസം
സേവിക്കയാൽ തൃപ്തിയു-
ള്ളിന്നായ് നല്കിയ ധീരനേത്രനിരയി
ന്നെല്ലാം ഫലം പൂണ്ടുമേ.
എന്നാലിയ്യിവൾ തന്നിളന്തളിരൊളി
ച്ചപ്പൂമേനി പുൽകീട്ടിനി-
ക്കെന്നോ പോർമുറിയേററ കൈയിരുപതും
തൃപ്തിപ്പെടുത്താൻ തരം."

ഇങ്ങനെ ആപാദ മധുരങ്ങളായ അനവധി പദ്യങ്ങൾ ചൂഡാമണിയിൽ സുലഭങ്ങളാണ്. "കൽക്കണ്ടക്കട്ടകൾ പലതു നിരത്തി ഏതാണു നല്ലതെന്നു പരിശോധിക്കുന്നതുപോലെയാണു ചൂഡാമണിയിലെ സരസശ്ലോകങ്ങൾ തിരഞ്ഞു പിടിക്കുക" എന്നാണ് കോയിപ്പള്ളിൽ പരമേശ്വരക്കുറുപ്പു രേഖപ്പെടുത്തുന്നത്.

കേരളത്തിലെ പല നല്ല കവികളും തർജ്ജമാപ്രസ്ഥാനത്തിലൂടെ പ്രയാണം ചെയ്ത കാലത്ത് സ്വതന്ത്ര നാടക രചനയിൽ ആദ്യമായി രംഗപ്രവേശം ചെയ്തത് കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനാണ്. കല്യാണി നാടകമാണ്. ആ ഇനത്തിലെ ആദ്യകൃതി. അതൊരു സാമുദായിക നാടകമാണ്. രസം ശൃംഗാരവും. വീരരസപ്രേമിയായ കുഞ്ഞിക്കുട്ടൻ തമ്പുരാൻ അത്തരം ഒരു കൽപിതകഥ പ്രമേയമാക്കി ശൃംഗാരരസപൂർണ്ണമായ നാടകം എഴുതുമോ എന്നു കൊടുങ്ങല്ലൂർ കവി സദസ്സിൽത്തന്നെ സംശയമുദിച്ചു. എങ്കിലും വെണ്മണി മഹൻ നമ്പൂതിരി തമ്പുരാനെ അനുഗ്രഹിച്ച് അന്യരുടെ പരിഹാസം ശമിപ്പിക്കുവാൻ വേണ്ടി കല്യാ

ണീനാടകത്തിൻെറ ഛായ പിടിച്ച് ഒരു നാടകമെഴുതാൻ പറഞ്ഞു. അങ്ങനെ അദ്ദേഹം വാശിയോടും ഉൽസാഹത്തോടുംകൂടി നാലങ്കത്തിൽ എഴുതിയ സ്വതന്ത്രവും ശൃംഗാരരസപൂർണ്ണവുമായ നാടകമാണ് 'ചന്ദ്രിക'. ചെറുനാടകമായതുകൊണ്ട് 'നാടിക' എന്നു പറഞ്ഞുവരുന്നു.

ചരിത്രകഥയും, വിവിധ കഥാപാത്രങ്ങളുടെ സ്വഭാവവും വച്ചു നോക്കുമ്പോൾ അവിടുത്തേയ്ക്കു കൽപിതകഥാരചനയിലുള്ള അപ്രതിമമായ സാമർത്ഥ്യം വെളിപ്പെടുന്നതാണ്. ആ നിലയിൽത്തന്നെ പണ്ഡിതൻമാരുടെ പ്രശംസ ആ കൃതിക്കു ലഭിച്ചു.

അന്നു വിദ്യാവിനോദിനി പത്രാധിപർ 'ചന്ദ്രിക'യെ വിശേഷിപ്പിച്ചത് "മലയാളസാഹിത്യനഭശ്ചന്ദ്രിക" എന്നാണ്. ആ നാടികയുടെ പുറപ്പാടോടുകൂടി തമ്പുരാൻെറ 'യശശ്ചന്ദ്രിക'യും പൂർവാധികം ശോഭയാർജ്ജിച്ചു.

തമ്പുരാൻെറ കഴിവിനെപ്പററി സംശയം പ്രകടിപ്പിച്ചവർക്കു മറുപടിയെന്നവണ്ണം നാടകപ്രാരംഭത്തിൽ നടനോടു സൂത്രധാരൻ പറയുന്ന ശ്ലോകം നോക്കുക :-

അംഗേശൻ മുതലാമനേക കവിവീ
രൻമാരടുത്താലെടു-
ത്തങ്ങേശും ഭുജശക്തിയാലെയവരെ
ത്തട്ടിപ്പുറപ്പിക്കിലും
തുംഗശ്രീവിജയന്നു, കൃഷ്ണസഹജാ
കൃഷ്ണാദിസംഗങ്ങളിൽ
ശൃംഗാരക്കുറവാകുമെന്നുവരുമോ
കാര്യം വിചാരിക്കെടോ!"

നായകനായ ചന്ദ്രവർമ്മ മഹാരാജാവിനെ സംബന്ധിച്ച ഒരു രഹസ്യം മന്ത്രി സ്വഭാര്യയോടു പറഞ്ഞു. അവൾ പട്ടമഹി

ഷിയുടെ സഖിയുമാണ്. ആ മഹിളയുടെ മറുചോദ്യം സദാചാര പരമാണ്. കവി അതിലും ഫലിതം കലർത്തിയിരിക്കുന്നതു നോക്കുക:—

"പുണ്യം പുകഴ്ത്തുന്നവനാശ വച്ചു
പെണ്ണുങ്ങളിൽ ദൃഷ്ടി പതിപ്പതുണ്ടോ"?

നായികയായ ചന്ദ്രികയെ സൗകര്യമായി കാണുവാൻ ഭാഗ്യം സിദ്ധിച്ച രാജാവ്, കന്യകയായ അവൾ ലജ്ജിച്ചു നിൽക്കുന്ന സന്ദർഭത്തിൽ അവളുടെ സഖിയായ ചകോരികയോടു പറയുന്നതിങ്ങനെയാണ്.

"ആണുങ്ങളായ്പ്പരിചയം കുറവാകമൂല-
മാണംഗനാമണി കുഴങ്ങുവതിപ്രകാരം
നാണം കുണുങ്ങിയകലെത്തലതാഴ്ത്തിനില്ക്കു-
മേണാങ്കനേർമുഖിയെ നീ യരികത്തിരുത്തൂ."

ഇങ്ങനെ മനഃപരിഷ്കാരവും ലോകപരിചയവും വെളിപ്പെടുത്തുന്ന ഭാവനാവിലാസം അവിടുത്തെ ഏതു കൃതിയിലും കാണാം.

കവിതാവേഗ പരീക്ഷയിൽ രചിക്കപ്പെട്ട നാടകങ്ങളാണ് ലക്ഷ്മണാസംഗവും, വിക്രമോർവശീയവും. ലക്ഷ്മണാസംഗം നാടകം മഹാകവി ഉള്ളൂർ എഫ്. എ. ക്ലാസ്സിൽ പഠിച്ചിട്ടുണ്ടെന്നു കേരളവ്യാസൻ മാസികയിൽ ഒരു ലേഖനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. മദിരാശി ഗവർമ്മെൻറ് വിക്രമോർവശീയവും ആശ്ചര്യചൂഡാമണിയും കോളജുക്ലാസ്സുകളിൽ പാഠപുസ്തകമായിട്ടംഗീകരിച്ചിട്ടുണ്ട്.

ഇനി "ഹാംലററ്," "ഒഥല്ലോ" എന്നീ ഷേക്സ്പിയർകൃതികളുടെ തർജ്ജമയെപ്പററിയാണു പറയാനുള്ളത്. ഇംഗ്ലീഷുഭാഷാപരിജ്ഞാനം കുറവായിരുന്ന തമ്പുരാൻ

അന്യസഹായംകൊണ്ടു കാര്യം മനസ്സിലാക്കിയിട്ടാണ് പണ്ഡിതോചിതമായ ആ മഹൽകൃത്യം സ്തുത്യർഹമായി നിർവഹിച്ചത്. ധാരണാശക്തിയും ഭാവനാവിലാസവും കൂടെ ഒത്തിണങ്ങിയിരുന്ന മഹാകവി പരിഷ്കാരത്തിലും ലോകപരിചയത്തിലും ആരുടെയും മുന്നണിയിലായിരുന്നു. വിവിധ വിഷയങ്ങളിൽ സാമാന്യജ്ഞാനവും നേടിയിരുന്നു— കവിതയ്ക്കുവേണ്ടി ജീവിതം അർപ്പിച്ചിരുന്ന അവിടുത്തേയ്ക്ക് ഭാഷ തർജ്ജമയ്ക്കു തടസ്സമായിരുന്നില്ല. പദാനുപദ നിഷ്ഠയിൽ ലാളിത്യം കലർത്തി തനിക്കു പിടിയില്ലാത്ത ഇംഗ്ളീഷുഭാഷയിൽ നിന്ന് ഇതിലും മെച്ചപ്പെട്ട ഒരു തർജ്ജമ മററാരിൽ നിന്നും പ്രതീക്ഷിക്കാനില്ല. ഹാംലററിലെ ഒരു ഭാഗം:—

> "My words fly up, my thought remains below.
> Words without thought never to heaven go."

ഈ കവിത തമ്പുരാൻെറ തൂലിക ഇങ്ങനെ പകർത്തിവിരിക്കുന്നു : —

> "വചസ്സു മേൽപോട്ടു പറന്നിടുന്നു.
> വിചാരമോ താഴെയുഴന്നിടുന്നു;
> വിചാരമോടൊത്തു കലർന്നിടാതെ
> വചസ്സുപോകാ പരമാം പദത്തിൽ."

### 7 ചില പ്രത്യേക സ്വഭാവങ്ങൾ.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഏതു വിഷയത്തെയും അധികരിച്ചു കവിതയെഴുതാൻ പ്രാപ്തനായതു ഒരു പ്രത്യേക സ്വഭാവവിശേഷം കൊണ്ടായിരുന്നു. അദ്ദേഹം ഒരിക്കലും അലസനായി കഴിഞ്ഞുകൂടിയിട്ടില്ല.

> "തോഷം മനുഷ്യനരുളും സതതോദ്യമത്തിൽ
> ദോഷം പെടും 'മടി' വഴിക്കു നമുക്കു നിത്യം"

എന്നു സ്വന്തം കവിതയിൽത്തന്നെ പറഞ്ഞിട്ടുമുണ്ട്. തിരുവിതാംകൂറിലെയും മലബാറിലെയും എല്ലാ പട്ടണങ്ങളിലും കൂട്ടുകാരുമായിച്ചേർന്നു വളരെ ദിവസങ്ങളോളം താമസിച്ചിട്ടുണ്ട്. തമ്പുരാൻ യാത്രാമദ്ധ്യേ ആരെക്കണ്ടാലും സൗഹൃദം സമ്പാദിക്കും.അവരിൽ നിന്നു കഴിവതും വിജ്ഞാനംനേടും.

പ്രത്യേകിച്ചു ലക്ഷ്യമൊന്നുമില്ലാതെയുള്ള സഞ്ചാരം എല്ലാവരും ശ്രദ്ധിച്ചിരുന്നു. ആ ഓടിനടപ്പുകാരണം സുഹൃത്തുക്കളും സ്വന്തക്കാരും അദ്ദേഹത്തെ 'പകിരിത്തമ്പുരാൻ' എന്നു സ്വകാര്യപ്പേരിട്ടു വിളിച്ചുവന്നു. പകിരി എലിവാണമാണ്. അതിൻെറ ഗതി എങ്ങോട്ടെന്ന് ആർക്കും തീരുമാനിച്ചുകൂടാ. അതുപോലെ തിരുമേനിയുടെ സഞ്ചാരത്തിനും നിയതമായ ഒരു പരിപാടി ഉണ്ടായിരിക്കില്ല.

എവിടെച്ചെന്നാലും തമ്പുരാനെ അറിയാത്തവരുണ്ടാവില്ല. കാരണം ചെറുപ്പം മുതൽക്കേ പത്രങ്ങളിലും മാസികകളിലും എഴുതിക്കൊണ്ടിരുന്നതു തന്നെ. അക്കാലത്തുള്ള ഒരു പത്രത്തിലും ഒരു കൃതിയോ ഒരു ലേഖനമോ എങ്കിലും എഴുതാതിരുന്നിട്ടില്ല. "പടിഞ്ഞാറേടത്തു കുഞ്ഞൻതമ്പുരാൻ" എന്ന തൂലികാനാമത്തിലും ചില ഗദ്യലേഖനങ്ങൾ എഴുതിയിട്ടുണ്ട്. മലയാളമനോരമയും, ഭാഷാപോഷിണിയും സാഹിത്യപരമായി കഥാപുരുഷൻെറ കഴിവുകളെ നല്ല നിലയിൽ പോഷിപ്പിച്ചിട്ടുണ്ട്. കണ്ടത്തിൽ വർഗ്ഗീസുമാപ്പിള തിരുമേനിയുടെ പ്രശസ്തിക്കു കാരണഭൂതനായ ഒരാളായിരുന്നു. പത്രങ്ങളുമായുള്ള പ്രതിപത്തിക്കു ഒരിക്കലും വൈകല്യം വരാതെ തമ്പുരാൻ സൂക്ഷിച്ചു. ആ സരണിയിൽ സഞ്ചരിച്ചു മലയാള ഭാഷയുടെ പുരോഗതിക്ക് ഇത്രയും പരിശ്രമിച്ചിട്ടുള്ളവർ വളരെ വിരളമെന്നു പറഞ്ഞാൽ മതി.

ശുഷ്കമായ ആശയം വച്ചു രചിച്ച ഒരു കവിതയുമായി ആരെങ്കിലും തമ്പുരാനെ സമീപിച്ചിട്ടുണ്ടെങ്കിൽ അതു മയാ

പുരസ്സരം വായിച്ചു തിരുത്തി ചമൽക്കാരം തികഞ്ഞ കവിതയാക്കിക്കൊടുക്കും. അത്രയും ചമച്ചതിനു പ്രോൽസാഹിപ്പിക്കുകയും ചെയ്യും. എത്ര അത്യാവശ്യമായി പോകുന്ന വഴിക്കായാലും സ്നേഹിതന്മാരെയോ ആശ്രിതന്മാരെയോ കണ്ടുമുട്ടിയാൽ കവിതാവിഷയകമായി ചൊല്ലിയും പറഞ്ഞും ഉപദേശിച്ചും വേണ്ടി വന്നാൽ ഉദയംവരെയും കഴിഞ്ഞുകൂടുന്നതു തൃപ്തികരമായിരുന്നു.

തമ്പുരാന് ശിശുക്കളെ കാണുന്നതും വാരിയെടുത്ത് താലോലിക്കുന്നതും വളരെ പ്രിയമായിരുന്നു. പ്രായമായ കുട്ടികളാരെങ്കിലും കണ്ട് "എനിക്കൊരുനാമം" (കീർത്തനം–പ്രാർത്ഥന) എന്നൊന്നു പറഞ്ഞാൽ മതി പാനമട്ടിലുള്ള ഈരടികളോ ഒരു ഗാനമോ ഉടൻ എഴുതിക്കൊടുക്കും. "തിരുവൈക്കത്തരുളും ശംഭോ, ഗിരിജാകാന്താ, ശരണം ശങ്കര പോററി. എന്നീതരത്തിലുള്ള പല ഗാനങ്ങളും സ്തോത്രപരമായപാനകളും അങ്ങനെ എഴുതിക്കൊടുത്തിട്ടുള്ളതാണ്.

## 8. സാമൂഹ്യബന്ധം

നേരത്തെ പറഞ്ഞിട്ടുള്ള കളികളും പഴമ പറയിപ്പിക്കലും ഓടിനടപ്പും ഒരുതരം സാമൂഹ്യബന്ധമാണ്. ആരു വിളിച്ചാലും സമ്മേളനങ്ങളിൽ പ്രസംഗിക്കാൻ പോകുന്നത് മഹാകവിക്കു തൃപ്തിയായിരുന്നു. സന്ദർഭത്തിനനുയോജ്യമായി ഏതു വിഷയത്തെപ്പററിയും പ്രസംഗിക്കുമായിരുന്നു. ഒരിക്കൽ ഒരു വ്യവസായ സമ്മേളനത്തിൽ അദ്ധ്യക്ഷനായിരിക്കെ ഉപസംഹാരത്തിൽ ചൊല്ലിയ ദ്രുതകവനമാണു താഴെ ചേർക്കുന്നത്:—

"കൃഷികൈത്തൊഴിൽ കച്ചവടം
വഴിയിവ മൂന്നാം ത്രിമൂർത്തി ഭജനത്താൽ
സമ്പൽ ബ്രഹ്മാനന്ദം
സമ്പാദിച്ചൈക്യ സിദ്ധി വിലസട്ടെ."

അദ്ദേഹത്തിന്റെ പരോപകാരം, സ്വാർത്ഥപരിത്യാഗം കൃത്യനിഷ്ഠ തുടങ്ങിയ ഗുണങ്ങൾ ആർക്കും അനുകരണീയങ്ങളായിരുന്നു. നമ്പൂതിരിമാർ ഇംഗ്ലീഷു പഠിക്കാൻ വേണ്ട തരത്തിൽ പ്രേരിപ്പിച്ചതു തമ്പുരാനാണ്. മഹാകവി ബഹുഭാര്യാത്വം സ്വീകരിച്ചിരുന്നെങ്കിലും അനുഭവത്തിന്റെ വെളിച്ചത്തിലായിരിക്കാം നമ്പൂതിരിമാരുടെ ആ പ്രവണതയെ അധിക്ഷേപിച്ചെഴുതിയ ഒരു ശ്ലോകം ഉദ്ധരിക്കാം.

"രണ്ടും മൂന്നും തരം പോലതിലുമധികവും
വേട്ടിടും സമ്പ്രദായം
പണ്ടും നമ്പൂരിമാർക്കുണ്ടതു വിധമൊരുവൻ
രണ്ടു വേട്ടുള്ള വിപ്രൻ
രണ്ടും കെട്ടൊട്ടുകാലം നിജവസതിവെടി-
ഞ്ഞുണ്ണിനും ബുദ്ധിമുട്ടി-
ത്തെണ്ടും മാറായി വന്നുള്ളൊരു കഥയിവിടെ
ത്തെല്ലു ഞാൻ വിസ്തരിക്കാം."

ആരോഗ്യമുള്ള സമുദായത്തെ കാണാവുന്നത് ബാലലോകത്തിന്റെ ആരോഗ്യത്തിലാണ്. ആ നിലയിൽ ശിശു സംരക്ഷണത്തിൽ ലോകം ശ്രദ്ധിക്കേണ്ടത് രാഷ്ട്രത്തിന്റെ സൽഗതിക്കു നിദാനമാണെന്നു തമ്പുരാൻ പ്രഖ്യാപിക്കുന്ന ഒരു കവിതയാണ് "കുട്ടികളുടെ ദിനചര്യ". തമ്പുരാൻ ലളിതമായ ഭാഷയിൽ രചനാപാടവത്തോടെ ഒരു ഗുരുവിന്റെയും പിതാവിന്റെയും നിലയിൽ പറയുന്നതു ശ്രദ്ധേയമാണ്.

അമ്മയച്ഛനുമില്ലാഞ്ഞാലമ്മട്ടാരോ വളർത്തുവാൻ;
അമ്മയച്ഛന്മാർ നിലയ്ക്കു നന്മയ്ക്കവരെയോർക്കണം,
സ്നേഹ വാൽസല്യമേൽക്കേണം ദേഹ ശുദ്ധി-
വരുത്തണം.
മോഹം പോലെ പഠിച്ചുള്ളതൂഹം ചെയ്തോർമ്മ-
വയ്ക്കണം

പഠിച്ചപാഠം തോന്നിച്ചു വെടിപ്പാക്കിദ്ധരിക്കണം
ചൊടിവേണം ചോടുറയ്ക്കും പടിതോന്നിച്ചിരിക്കണം
നേരത്തുണ്ടിട്ടെത്തിടേണം നേരത്തേ പാഠശാലയിൽ;
സൈ്വരം മുമ്പിട്ടുപാദ്ധ്യായന്മാരണഞ്ഞാൽ വണങ്ങണം.
പഠിക്കും കൂട്ടർതൻ മുമ്പു പിടിക്കാനുദ്യമിക്കണം;
മടിക്കൊല്ലാ, മിഴിക്കൊല്ലാ, വെടിപ്പായിട്ടുചൊല്ലണം.
അറിഞ്ഞുകൊൾവാനാചാര്യൻ പറഞ്ഞീടുന്നതൊ-
ക്കെയും
മറപ്പിലാക്കൊല, നന്നായുറപ്പിച്ചുള്ളിലാക്കണം.
മൽസരം വിജയം നേടാൻ മാത്രമായിട്ടിരിക്കണം.
സൽസമക്ഷം പേരെടുക്കാൻ പാത്രമാവാനുമോക്കണം.
ഉൽസാഹിയായിരിക്കേണം ദുസ്സാമർത്ഥ്യമൊഴിക്കണം.
നൽസാരഗ്രാഹിയാകേണ, മസ്സാധുക്കൾക്കിണങ്ങണം.
നേരുകേടിൽ പേടിവേണം, നേരുചൊല്ലേണമെപ്പൊഴും,
ആരും സ്നേഹിച്ചിടും വണ്ണംചേരും വൃത്തിയിൽ-
നിൽക്കണം.
അന്തിയാകുന്നനേരത്തു പന്തിയിൽ ദൈവപൂജനം
സ്വന്തം മനസ്സാൽ ചെയ്യേണം,
ഹന്ത നാമം ജപിക്കണം
ദൈവഭക്തിയുറപ്പിക്കും ദേവസ്തോത്രങ്ങൾ
ചൊല്ലണം;
കേവലം ദൈവമാഹാത്മ്യ ഭാവനയ്ക്കിതു സാധനം."

ഈ ഉദ്ധാരണത്തിൽ കവിതയിലെ ചില ശീലുകൾ ചേർത്തിട്ടില്ല. എങ്കിലും ഒരു കുട്ടിയുടെ ഓരോ ചലനവും മാതൃകാപരമാക്കിത്തീർക്കാൻ ഇത്രയുമെങ്കിലും മനസ്സിരുത്തി പഠിച്ചാൽ മതി.

## 9. ഗുരു എന്ന നിലയിൽ

കൊടുങ്ങല്ലൂർ കോവിലകത്തെ അംഗങ്ങളുടെ ബഹുവിഷയവിജ്ഞാനം വച്ചു പരിശോധിച്ചാൽ അവിടം ആ കാലത്തെ ഒരു സർവകലാശാലയായിരുന്നു. ദൂരദേശങ്ങളിൽ നിന്ന് അനേകം ആളുകൾ കോവിലകത്തെ അന്തേവാസികളായി വിവിധ വിഷയങ്ങളിൽ ഉപരിപഠനം നടത്തിവന്നിരുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ ശിഷ്യൻമാരെ വ്യാകരണമാണു പഠിപ്പിച്ചുവന്നത്. പഠിപ്പിച്ചുകൊണ്ടിരിക്കുന്നതിനിടയിലും കവിതയെഴുതുമായിരുന്നു. കവിതയ്ക്കു വേണ്ടി എപ്പോഴും ആളുകൾ കാത്തുനിൽക്കുക പതിവായിരുന്നു. കൂടുതലും ശുപാർശക്കത്തുകളായിരുന്നു. എഴുതേണ്ടിയിരുന്നത്. ആ കത്തുകൾകൊണ്ട് ഉദ്യോഗവും സ്ഥലം മാററവും സ്ഥാനക്കയററവും മററും സമ്പാദിച്ചിട്ടുള്ളവർ കുറച്ചൊന്നുമല്ല. തമ്പുരാന് ആ കാലത്തും നവീനവും സ്വതന്ത്രവുമായ ഒരു അധ്യാപനരീതി മനോധർമ്മം കൊണ്ടു രൂപീകരിക്കുവാൻ കഴിഞ്ഞിരുന്നു. ശിക്ഷകളും ഭീഷണിയും കൂടാതെ താത്പര്യം ജനിപ്പിച്ചാൽ അധ്യയനം നിഷ്പ്രയാസമാക്കാമെന്ന് ആ ഗുരുനാഥൻ ധരിച്ചിരുന്നു. ഗുരു ഗൗരവഭാവം നടിച്ചിരിക്കണം എന്ന ധാരണ അന്നു സാർവത്രികമായിരുന്നു. തമ്പുരാൻ അതു തിരുത്തി. ശിഷ്യൻമാരെക്കൊണ്ടു കവിതയെഴുതിക്കുന്നതിലും അദ്ദേഹത്തിന്നു പ്രത്യേക നിർബന്ധം ഉണ്ടായിരുന്നു. ആ വഴിക്കു തന്നെ കേരളത്തിൽ ഒട്ടധികം പണ്ഡിതൻമാരും കവികളും ഉണ്ടായി. രചനകളിലെ വാക്യങ്ങളുടെ ഘടന സംബന്ധിച്ച് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. 'പോലെ' എന്നതിനു പകരം പദ്യങ്ങളിലും മററും ചിലർ 'പോൽ' എന്നു ചേർത്തുവന്നതു തെററാണെന്നും ശിഷ്യരെ ധരിപ്പിച്ചിരുന്നു. കർമ്മണിപ്രയോഗം ഭാഷയ്ക്കു ഭൂഷണമല്ല എന്ന അഭിപ്രായമായിരുന്നു തമ്പുരാന്.

അതുപോലെ ലേഖനങ്ങളിൽ വെട്ടിത്തിരുത്തു വരരുതെന്ന തിലും നിർബന്ധം പുലർത്തി.

മഹാകവി രചിച്ചിട്ടുള്ള മലയാള ശബ്ദശാസ്ത്രത്തിൽ 'വാചകരീതി' എന്ന പ്രകരണത്തിൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക :—

"സ്വന്തമായ് മലയാളത്തിൽ-
ചേരും വാചകരീതിയേ
ഉപയോഗിച്ചുകൊള്ളാവൂ
വാക്യഭംഗി വരുത്തുവാൻ"

കാരികയുടെ വ്യാഖ്യാനം:- "വാക്യഭംഗി വരുത്തുന്നതിനു മലയാളഭാഷയ്ക്കു സ്വന്തമായ വാക്യരീതിയല്ലാതെ മററു ഭാഷകളുടെ വാചകരീതിയെ ഉപയോഗിച്ചുകൂടാ. ഉദാഹരണം : ഈ മനുഷ്യർ തന്നൂ ഇനിക്കൊരു പുസ്തകം ഇന്നലെ; അതിൽ ഞാൻ കണ്ടു കോമാളിത്തം ഒരു വിഡ്ഢിയുടെ, എന്ന് ഇംഗ്ളിഷു വാചകരീതിയെ അനുസരിച്ചോ, ആ കുട്ടിയാൽ അപ്രകാരം പ്രയത്നം ചെയ്യപ്പെട്ടു എന്നും മററും സംസ്കൃതവാചകരീതിയെ അനുസരിച്ചോ വാചകമെഴുതിയാൽ ഭങ്ഗിയില്ലാതെ തീരുമെന്നല്ല, വളരെ അഭങ്ഗിയുമാകും".

ശബ്ദശാസ്ത്രത്തെപ്പററികൂടെ ഇവിടെ സൂചിപ്പിക്കാം. 16 പ്രകരണമുള്ള ഗ്രന്ഥത്തിൽ ഒടുവിലത്തെ ആറെണ്ണമാണു കുഞ്ഞിക്കുട്ടൻതമ്പുരാൻ എഴുതിയത്. വിഷയസ്വഭാവം കാരികയായും വ്യാഖ്യാനം ഗദ്യമായും എഴുതിയിരിക്കുന്നു. ഭാഷയിലെ തദ്ധിതം ധാതു, ശുദ്ധക്രിയ, നാമക്രിയ, അവ്യയക്രിയ, വാചകരീതി ഇത്രയുമാണുതമ്പുരാൻ രചിച്ചത്.

## 10. ഗദ്യരചനയും പത്രപ്രവർത്തനവും

സരസവും ഉജ്ജ്വലവുമായ ഒരു ഗദ്യശൈലി മഹാകവിക്കു സ്വാധീനമായിരുന്നു. കാര്യസാരവും മനോധർമ്മവും നിറഞ്ഞു ശബ്ദശുദ്ധികൊണ്ടു ലളിതമായിരുന്നു ആ രചന. ആദ്യമാദ്യം ഭാഷാ ഗദ്യത്തിൽ ഉദാസീനനായിരുന്നെങ്കിലും ക്രമേണ ആ സരണിയിലും അദ്വിതീയനായിത്തീർന്നു. അദ്ദേഹം ആർക്കും പദ്യത്തിലേ കത്തെഴുതി ശീലിച്ചിരുന്നുള്ളു. ഒടുവിൽ ശിഷ്യന്മാർക്കു ഗദ്യത്തിലും കത്തുകളെഴുതുവാൻ ശ്രദ്ധാലുവായി. പക്ഷേ ഒരു പദ്യമെങ്കിലും ഒരു കത്തിലുണ്ടായിരിക്കണം എന്നുമാത്രം. ഉദാഹരണത്തിന് ഒരു കത്തിൻെറ ഒടുവിൽ ചേർത്തിരുന്ന ശ്ലോകം നോക്കുക:—

"അമ്മയുടെ മടിയിലേറി-
ട്ടമ്മിഞ്ഞപ്പാൽ കുടിച്ചിടുന്നിടയിൽ
പെണ്മണി രാധയിലൊട്ട-
ക്കണ്മണിചായിച്ച കണ്ണനു തൊഴുന്നേൻ."

മഹാകവിക്കു സംഗീതത്തിൽ പ്രതിപത്തി കുറവായിരുന്നെങ്കിലും അദ്ദേഹത്തിൻെറ ഗദ്യമഞ്ജരിയിലെ ആദ്യത്തെലേഖനം സംഗീതത്തെ അധികരിച്ചാണ്.

വിദ്യാവിനോദിനി മാസിക നിന്നു പോയ കാലത്ത് കേരളത്തിൽ ഉള്ളത് "ഭാഷാപോഷിണി" മാത്രമാണ്. ഇവയിലെല്ലാം കഥാപുരുഷൻ കവിതകളും ഗദ്യലേഖനങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. അന്ന് അപ്പൻതമ്പുരാനും മഹാകവിയുംകൂടെ സഹകരിച്ചു പ്രസിദ്ധീകരിച്ചിരുന്നതാണ് 'രസികരഞ്ജിനി മാസിക. തമ്പുരാൻ അതിൻെറ പത്രാധിപത്യം ഏററതോടെ അദ്ദേഹത്തിൻെറ ഗദ്യരചനാ നൈപുണ്യവും ഭാഷാഭിമാനികൾക്ക് ആസ്വദിക്കാൻ തരമായി. രസികരഞ്ജിനി എല്ലാവരുടെയും പ്രശംസയ്ക്കു പാത്രീഭൂതമായി.

അതിൽ തമ്പുരാന്റെ 'ധർമ്മപുത്രർ' തൃക്കണാമതിലകം, സൽസന്താനങ്ങൾ എന്നീ വിശിഷ്ട ഗദ്യലേഖനങ്ങളും മററു പലതരം സാഹിത്യകുറിപ്പുകളും പ്രസിദ്ധപ്പെടുത്തി.

അന്നു കേരളത്തിൽ സാഹിത്യപ്രവർത്തനം നടത്തിയിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻ തുടങ്ങി വിദഗ്ദ്ധ സാഹിത്യകാരൻമാരായി പേരെടുത്തവരെല്ലാം രസികരഞ്ജിനിയിലെ എഴുത്തുകാരായിരുന്നു. സാഹിത്യകാരൻമാരും രസികരഞ്ജിനിയും ഈ വിധം ഒരേസമയം തന്നെ പ്രശസ്തിയാർജ്ജിച്ചു. 'ഗദ്യമാലിക'യിലും 'മംഗളമാലിക'യിലും കാണുന്ന പല പ്രധാന ലേഖനങ്ങളും കുഞ്ഞിക്കുട്ടൻ തമ്പുരാന്റേതാണ്. രസികരഞ്ജിനിയുടെ പത്രാധിപരായതിനുശേഷം തിരുമനസ്സിലെ ഗദ്യരചന കൂടുതൽ ആസ്വാദ്യമായിത്തീർന്നു. എന്നാൽ രണ്ടു തമ്പുരാക്കൻമാരുടെ നേതൃത്വത്തിൽ പരിപുഷ്ടമായിരുന്നെങ്കിലും രസികരഞ്ജിനിയുടെ പ്രവർത്തനം സ്തംഭിച്ചുപോവുകയാണുണ്ടായത്.

## 11 ഭാരതതർജ്ജമ

ഈ കാലത്തു തന്നെ തിരുമനസ്സിലേക്ക് പുരാണങ്ങളെല്ലാം മലയാളഭാഷയിലേക്കു തർജ്ജമ ചെയ്യണമെന്ന അഭിനിവേശമുണ്ടായി. സഹപ്രവർത്തകരെ അതറിയിക്കുകയും ചെയ്തു. ഒരു പർവ്വം ഒരാൾ എന്ന ക്രമത്തിൽ മഹാഭാരതം തർജ്ജമ ചെയ്യണമെന്നായിയിരുന്നു ആദ്യത്തെ തീരുമാനം. ഭാഷാഭിമാനികളെല്ലാം ആ അഭിപ്രായമംഗീകരിച്ചു. "ലക്ഷത്തിരുപത്തയ്യായിരം ശ്ലോകങ്ങളടങ്ങിയ ഭാരതം—പഞ്ചമവേദം—പരിഭാഷപ്പെടുത്തുക സാധ്യമല്ല," എന്നു ചിലർ മുന്നറിവു കൊടുത്തു. തിരുമനസ്സിലേക്കതു നിസ്സാരമാണെന്നു ചിലർ. മറെറാരു കൂട്ടർ മഹാകവിയെ എന്നാൽ ആ മിടുക്ക് ഒന്നു കാണട്ടെ എന്നു പുച്ഛിക്കാനും മടിച്ചില്ല. പരദേവതയായ കൊടുങ്ങല്ലൂർ ഭഗവതിയുടെ കടാക്ഷവും സരസ്വതീ

വിലാസവും തികഞ്ഞിരുന്ന തിരുമേനിക്ക് എന്തിനു സംശയിക്കണം. അദ്ദേഹം സ്വയം തർജ്ജമക്കൊരുങ്ങി. 'ഭാരതം ഹരിവംശം ഉൾപ്പെടെ തർജ്ജമചെയ്തു മാസികാരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു' എന്നു പത്രത്തിൽ പരസ്യപ്പെടുത്തി. അസംഖ്യം മലയാളികളും ആ പ്രയത്നത്തിന്റെ സാഫല്യമാഗ്രഹിച്ച്, ഭാഷാഭാരതത്തിന്റെ വരിക്കാരായി. തമ്പുരാൻ തർജ്ജമ മാളിയമമാവിൽ 'കുഞ്ഞുവറീത്' എന്ന ഭാഷാഭിമാനിയുടെ 'ഭാരതവിലാസം' പ്രസ്സിൽ അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചു.

പ്രഭാതത്തിൽ കുളിയും പ്രാർത്ഥനയും കഴിഞ്ഞു ഭാരതത്തിലെ നൂറു പദ്യങ്ങൾ പരിഭാഷപ്പെടുത്തുക എന്നതായിരുന്നു പരിപാടി. ചൊല്ലിക്കൊടുക്കുന്നതു പകർത്തുവാൻ വടുതല നാരായണൻനായരെ ശമ്പളത്തിനു നിയോഗിച്ചിരുന്നു. നൂറും അതിലധികവും ശ്ലോകങ്ങൾ പറഞ്ഞുകൊടുക്കുവാൻ ഒരു മണിക്കൂറിൽ കൂടുതൽ സമയം വേണ്ടി വന്നിരുന്നില്ല. കുളി കഴിഞ്ഞുവന്നു തോർത്ത് അയ (ശ) യിൽ വിരിച്ചു ചുളിനീർത്തു കഴിയുന്നതിനകം പത്തും പന്ത്രണ്ടും ശ്ലോകം ചൊല്ലിക്കൊടുത്തിട്ടുള്ള കഥ ഇന്നും കൊടുങ്ങല്ലൂർ നിവാസികൾ പറഞ്ഞ് അൽഭുതം കൂറാറുണ്ട്.

ഭാരതതർജ്ജമക്കാലത്ത് ദോഷൈകദൃക്കുകളായ ചിലർ വല്ല പിഴയും കണ്ടുപിടിക്കാനായി മാത്രം കാത്തിരുന്നു. സ്വന്തം മാതുലനും ഗുരുവുമായ കുഞ്ഞിരാമവർമ്മ തമ്പുരാൻ പോലും എതിരായിരുന്നു. വിശേഷിച്ചു ഭഗവദ്ഗീതാഭാഗം വരുമ്പോൾ മാതുലനെച്ചെന്നു കാണാതെ പററുകയില്ല എന്നു വെല്ലുവിളിക്കുകയും ചെയ്തു. അന്വേഷണത്തിൽ തമ്പുരാൻ അതു നിർവിഘ്നം നിർവഹിച്ചിരിക്കുന്നു എന്നറിഞ്ഞ മാതുലൻ ഗീതാതർജ്ജമയുൾപ്പെടെ വായിച്ചു നോക്കി അങ്ങേയററം സംതൃപ്തനായി കവിയെ അനു

ഗ്രഹിച്ചു. നിശിതമായി വിമർശിക്കുന്നവരോടും തമ്പുരാനു വിപ്രതിപത്തി തോന്നിയിരുന്നില്ല. ഒരു കാര്യത്തിൽ പ്രവേശിച്ചാൽ അതിൻെറ പര്യവസാനംവരെ അതിൽ ജാഗരൂകനായിരിക്കുന്ന സ്വഭാവം മററാരിലും ഇതുപോലെ കണ്ടിട്ടില്ല. വിമർശ്കരോട് അദ്ദേഹം തുറന്നുപറഞ്ഞു തനിക്കു കാവ്യനിർമ്മാണത്തിൽ അബദ്ധം വരികയില്ലെന്നും അച്ചുപിഴ വരുന്നെങ്കിൽ അതിനു താൻ ബാദ്ധ്യസ്ഥനാവുകയില്ലെന്നും. ആ സൂചനയുള്ള ഒരു ശ്ലോകം ഉദ്ധരിക്കാം:—

"ശ്രീവാനോർപ്പുര വാമദേവ വനിതാ-
വാൽസല്യവായ്പേൽക്കയാ-
ലാവാമെൻകൃതി കണ്ടറിഞ്ഞ, തറിയ-
പ്പോന്നോരറിഞ്ഞീടവേ,
മാവേലിക്കരമന്ന, മാന്യമതിയാം
മന്നാടിയാരെ, നമു-
ക്കീ വേലയ്ക്കൊരബദ്ധമച്ചുപിഴയിൽ
പ്പെട്ടേ പെടുള്ളു ദൃഢം."

ഭാരതതർജ്ജമയെപ്പററി സാഹിത്യപഞ്ചാനനുമായി നടന്ന സംഭാഷണത്തിൽ, "മൂലത്തിൻെറ ആശയം അടിച്ചു പരത്തുന്നതിനു താൻ ശ്രമിച്ചിട്ടില്ലെന്നും ഋഷിപ്രോക്തങ്ങളായ ഗ്രന്ഥങ്ങളിൽ ചില ഗ്രന്ഥികൾ അങ്ങുമിങ്ങും കിടന്നില്ലെങ്കിൽ പോരായ്മയാണ്" എന്നുമാണ് തമ്പുരാൻ കൽപ്പിച്ചത്. ഭാരത പരിഭാഷയുടെ സാരസ്യം അറിയുവാൻവേണ്ടി ചില ഉദാഹരണങ്ങൾ പരിശോധിക്കാം. ഭഗവത്ഗീതയിലെ ഒരു ശ്ലോകം:—

മൂലം:— "ക്ലൈബ്യം മാസ്മഗമഃ പാർത്ഥ,
നൈതത്ത്വയ്യുപപദ്യതേ
ക്ഷുദ്രം ഹൃദയ ദൗർബ്ബല്യം
ത്യക്ത്വോത്തിഷ്ഠ പരന്തപ."

തർജ്ജമ:— "ക്ളീബത്വമേൽക്കൊലാ പാർത്ഥ,
നിനക്കൊക്കില്ലതൊട്ടുമേ
തുച്ഛമിച്ചിത്ത ദൌർബ്ബല്യം
വിട്ടേൽക്കുക പരന്തപ,"

മഹാഭാരതം 62-ാമദ്ധ്യയത്തിൽ ഭാരതപ്രശംസാഭാഗത്തു നിന്ന്:—

മൂലം:— "കഥം നാഗായുതപ്രാണോ
ബാഹുശാലീ വൃകോദരഃ
പരി ക്ളിശ്യന്ന പിക്രോധം
ധൃതവാനൈ്വ ദ്വിജോത്തമ"

തർജ്ജമ:— "പതിനായിരമാനയ്ക്കു
മെതിർശക്തൻ വൃകോദരൻ
പൊറുത്തതെങ്ങിനെയരി–
പരിക്ളേശം ദ്വിജോത്തമ"

മൂലം:— "കഥം സാദ്രൌപദീ കൃഷ്ണാ
ക്ളിശ്യമാനാ ദുരാത്മഭിഃ
ശക്താസതീ ധാർത്ത രാഷ്ട്ര–
ന്നാദഹത് ക്രോധ ചക്ഷുഷാ."

തർജ്ജമ:— ദുഷ്ടൻ ദുഃഖപ്പെടുത്തീട്ടും
ശിഷ്ടയാം സതി പാർഷതി
കടുനോട്ടത്തിലന്നെന്തേ,
ചുട്ടാഞ്ഞു ധാർത്ത രാഷ്ട്രരേ"

മറെറാരു ഭാഗം ഇങ്ങനെ തർജ്ജമ ചെയ്തിരിക്കുന്നു:—

മൂലം:— "സുലഭാഃ പുരുഷാ രാജൻ
സതതം പ്രിയ ഭാജിനഃ
അപ്രിയസ്യ ച പഥ്യസ്യ
വക്താശ്രോതാച ദുർലഭഃ"

തർജ്ജമ:— "ആളേറെയുണ്ടാം രാജാവേ,
നിത്യം സേവ പറഞ്ഞിടാൻ
സേവവിട്ടു ഹിതം ചൊൽവോർ
കേൾക്കുവോനും ചുരുക്കമാം."

ഇത്രയും ലാഘവവും രസികത്തവും തികഞ്ഞ ഒരു ഭാരത തർജ്ജമ മററാരു ഭാഷയിലും ആരും നിർവഹിച്ചിട്ടില്ല. പരിഭാഷ പുരോഗമിച്ചുകൊണ്ടിരുന്നപ്പോൾ ഭാഷാഭാരതം അച്ചടിക്കുവാൻ കോട്ടയ്ക്കൽ ഒരു അച്ചുക്കൂടം സ്ഥാപിച്ചു. വീരരായൻ രാജാവു പത്രാധിപരുമായി. പകർത്തിയെഴുത്തുകാരൻ കോയിപ്പള്ളിൽ പരമേശ്വരക്കുറുപ്പും. 874 ദിവസമേ തമ്പുരാനുവേണ്ടി വന്നുള്ളു ഭാരത പരിഭാഷയ്ക്ക്. പരമേശ്വരക്കുറുപ്പു പറയുന്നത് ആ തർജ്ജമയുടെ സ്വഭാവം ഒരു ഇന്ദ്രജാല വിദ്യപോലെ തോന്നിയിട്ടുണ്ടെന്നാണ്. പറഞ്ഞുകൊടുക്കുന്നതായാലും എഴുതുന്നതായാലും വീണ്ടുമൊന്നു വായിച്ചു നോക്കേണ്ട ആവശ്യം തിരുമനസ്സിലേയ്ക്കുണ്ടായിട്ടില്ല അത്ര ആത്മവിശ്വാസമുണ്ടായിരുന്നു.

ഇവിടെ ഒന്നു പറയാനുണ്ട്. "തർജ്ജമ ആദർശപരമാണെങ്കിൽ അതു വായിച്ചു കേട്ടാൽ അതൊരു തർജ്ജമയാണെന്നു തോന്നരുത്. അതു സ്വന്താ കാലിൽ നിൽക്കാൻ കഴിവുള്ളതുമായിരിക്കണം. 'ആദർശം എന്നു പറയുകയല്ലാതെ അതിലെത്തിച്ചേരാൻ ആർക്കും കഴികയില്ല. പല വസ്തുതകളും സമഞ്ജസമായി കൂടിച്ചേർന്നതാണു തർജ്ജമ. അതിൽ ഏററവും പ്രധാനപ്പെട്ടതു പരിഭാഷകന്റെ

കർത്തവ്യബോധമാണ്. ഒരു ഉത്തമകൃതി പുറത്തിറക്കാനുള്ള അദ്ദേഹത്തിൻെറ ഉൽക്കടമായ ആഗ്രഹമാണ് അടുത്ത ഘടകം." ഈ കർത്തവ്യബോധവും ആഗ്രഹവും ഒത്തിണങ്ങി കേരളസാഹിത്യത്തിൽ കേരളവ്യാസനു സമശീർഷനായി മററാരു പരിഭാഷകൻ ഉണ്ടായിട്ടില്ല.

## 12 കത്തുകഠം

പ്രകൃതിയെ കവിതയായിക്കണ്ട ആ ധന്യന് വിഷയം ഇന്നതേ ആകാവൂ എന്നില്ല. ആ അന്തർദ്ധാര എവിടെയും അനർഗ്ഗളം വഴിഞ്ഞൊഴുകി. നിരവധി സുഹൃത്തുകഠക്ക് അദ്ദേഹം അയച്ചുകൊണ്ടിരുന്ന പദ്യലേഖനങ്ങളിൽ നിന്ന് അദ്ദേഹത്തിൻെറ വിവിധവിശിഷ്ടഗുണങ്ങഠം വിശദമാകുന്നുണ്ട്. കവിതാവാസനയുള്ള ഒരു യുവാവിനെ പ്രോൽസാഹിപ്പിക്കാനെഴുതിയ ഒരു ശ്ലോകം :—

"പരമേശ്വര, പററുകില്ലിനി-
പ്പര, മസ്സൽക്കൃതി തീർത്തുതള്ളെടോ
തരമല്ല മടിച്ചിരിക്കിൽ മേ-
ത്തരമായുള്ളൊരു പേരെടുക്കുവാൻ"

എത്രയെത്ര കൃതികളാണ് അത്തരക്കാരുടെ മുൻപിൽ മറിപ്പുകിടന്ന് അദ്ദേഹം എഴുതിച്ചുകൂട്ടിയത്. കൊട്ടാരത്തിൽ ശങ്കുണ്ണിക്ക് ഇങ്ങനെ എഴുതിയിരിക്കുന്നു.-

മുറയ്ക്കു താൻ ഗ്രന്ഥമിരുന്നു തീർക്കു-
കറയ്ക്കുകെന്നാകിലറച്ചിടട്ടെ;
ഉറയ്ക്കണം വേണ്ടതിൽ വേണ്ടപോലെ-
യിരിക്കണം; വന്നതു വന്നു പിന്നെ.

ജനിച്ചിടുമ്പോൾ കവിവര്യനായി-
ജ്ജനിച്ചൊരാളാരിഹ പാരിടത്തിൽ ?
നിനയ്ക്കുകുൽസാഹ സുധാരസത്താൽ
നനയ്ക്കിൽ നേരേ വളരാത്തതുണ്ടോ ?

തുടങ്ങണം കാര്യമതൊന്നിടയ്ക്കു
മുടങ്ങിയാലന്നു മുടങ്ങിടട്ടെ :
നടുങ്ങിടാതായതിലേതു പിൻ-
മടങ്ങിടാഞ്ഞാലൊരുനാൾ ജയിക്കും."

ഒരിക്കൽ നടുവത്തച്ഛൻ നമ്പൂതിരിക്കെഴുതിയ ഒരു അറിയിപ്പാണിത് :—

"വല്ലെങ്കിലും നാടകമൊന്നെടുക്കൂ
തെല്ലെങ്കിലും തർജ്ജമ ചെയ്തു നോക്കൂ.
ഇല്ലം കുലുങ്ങില്ലതുകൊണ്ടു ഹേ, ന-
ന്നല്ലെങ്കിലപ്പോൾക്കളയാം നമുക്കും."

ഒരു കൃതി അച്ചടിപ്പിക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശം നോക്കുക. അതിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

"എങ്കിൽ കൂട്ടക്ഷരങ്ങൾക്കൊരു വികടതപ-
റ്റാതെ സൂക്ഷിച്ചിടേണം;
ശങ്കിക്കേണ്ടർദ്ധചന്ദ്രൻ മതി മതി സുമതേ,
പാതിയായോരുകാരം;
വങ്കത്വം ചൊൽകയല്ലേ വടിവൊടിതു വട-
ക്കർക്കുമാത്തെക്കുദേശ-
ത്തിങ്കൽ പാർക്കുന്നവർക്കും പരമൊരുവിധമൊ-
ക്കുന്ന സൻമാർഗ്ഗമല്ലോ."

തെക്കൻ നാട്ടുകാർക്കു സംവൃതോകാരം കാണിക്കാൻ വ്യഞ്ജനാക്ഷരങ്ങളിൽ ഉകാരചിഹ്നം ചേർത്തതിനു മേൽ മീത്തൽ (ചന്ദ്രക്കല) ഇടണം. എന്നാൽ കൊച്ചി-മലബാർ പ്രദേശങ്ങളിൽ അതിനു മീത്തൽ മാത്രം ചേർത്താൽ മതി. അച്ചടിയിൽ വടക്കൻരീതി സ്വീകരിച്ചാൽ രണ്ടു കൂട്ടരെയും തൃപ്തിപ്പെടുത്താം എന്ന അഭിപ്രായമാണ് ഈ കത്തിൽ കുറിച്ചിരിക്കുന്നത്.

ഒരു ലോകതത്വം കത്തിൽ കാണിച്ചിരിക്കുന്നു :—

"ഞാനോ മാനിനിമാർക്കു മൻമഥനഹോ
ശാസ്ത്രത്തിലെന്നോടെതി-
ർപ്പാനോ പാരിലൊരുത്തനില്ല, കവിത-
യ്ക്കൊന്നാമനാകുന്നു ഞാൻ,
താനോരോന്നിവയോർത്തുകൊണ്ടു ഞെളിയേ-
ണ്ടെൻ ചിത്തമേ നിശ്ചയം
താനോ ജീവനൊരസ്ഥിരത്വ മതിനാൽ
നിസ്സാരമാണൊക്കെയും."

ഒരിക്കൽ കോയിപ്പള്ളിൽ പരമേശ്വരക്കുറുപ്പു പഠിത്തം നിറുത്തി കവിതാബ്ഭ്രാന്തുമായിനടക്കുന്ന കാലത്ത് കോവിലകത്തു ചെന്ന് അവിടുത്തെക്കണ്ട് എന്തെങ്കിലും ഒരു തൊഴിലുണ്ടാക്കിക്കൊടുക്കണമെന്നറിയിച്ചു. ചതുരംഗം കളിച്ചുകൊണ്ടിരുന്ന കവി രജിസ്ത്രേഷൻ സൂപ്രണ്ടായിരുന്ന സി. അന്തപ്പായിക്ക് ഒരു കത്ത് ആ ഇരുപ്പിൽ ഇരുന്ന് 'കുരു കുരാ' കുറിച്ചുകൊടുത്തയച്ചു:—

... ... ... ... ... ... ... ...
... ... ... ... ... ... ... ...

പെരുതാംകൃപ നാട്ടുകാരിലേന്തി
പ്പെരുമാറുന്നവരല്ലയോ മഹാൻമാർ

ERNAKULAM

കവി, കെ. പരമേശ്വരക്കുറുപ്പെ-
ന്നിവിടെപ്പേർ പറയുന്നൊരീ മനുഷ്യൻ
ഭുവി കേവലനിത്യവൃത്തി കാംക്ഷി-
ച്ചവിടെയ്ക്കുണ്ടു വരുന്നു ജീവനാർത്ഥം.

അറിയാം ചില താംഗലേയ ഭാഷാ
മുറിവാക്യങ്ങൾ പഠിപ്പിതിത്രമാത്രം
ശരിയായ് മലയാളഭാഷയായാ-
ലുരിയാടാമെഴുതാം, കവിത്വമാവാം.

... ... ... ... ... ... ...
... ... ... ... ... ... ...

തവകീഴ്‌വരുതിഗ്ഗുമസ്ത വേല-
യ്ക്കവനാവോ, തരമാക്കിയാകിലായി

ഒരുമാതിരി കൈയെഴുത്തു നന്നെ-
ന്നൊരു ഭള്ളിന്നിവനില്ലയെന്നുമില്ല.
പെരുമാററവഴിക്കുകൊണ്ടുപോയാ-
ലൊരുഭാഷയ്ക്കിവനും കഴിഞ്ഞുകൂടും."

'പെരുതാംകൃപ നാട്ടുകാരിൽ' എന്ന ഭാഗത്തു ഉന്നതസ്ഥാനത്തിരിക്കുന്നവർ നാട്ടുകാരെ സഹായിക്കണമെന്ന ശുപാർശയാണ്. 'അറിയാം ചില താംഗലേയഭാഷ' എന്നത് പരിഹാസരൂപത്തിലാണെങ്കിലും മെട്രിക്കുലേഷൻ പാസ്സായിട്ടില്ല, അതുവരെ പഠിച്ചിട്ടേ ഉള്ളു എന്നു കാണിക്കുന്ന സർട്ടിഫിക്കററാണ്. നല്ല കൈപ്പടയാണ്. രജിസ്ത്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഗുമസ്താപ്പണിക്കു പററിയ ആളാണ് എന്നതെല്ലാം കൊള്ളിച്ചിട്ടുണ്ട് ആ കത്തിൽ.

സി. അന്തപ്പായിക്കു കത്തു കിട്ടിയ താമസം. ഭക്തി ബഹുമാനാദികളോടെ അതു സ്വീകരിച്ചു. കുറുപ്പിന് ഉദ്യോഗ

വുമായി. അങ്ങനെ എത്രയെത്ര ആളുകളെ ഉദ്യോഗസ്ഥന്മാരക്കാൻ കഴിഞ്ഞു അദ്ദേഹത്തിന്റെ കത്തുകൾക്ക്!

ഒരു കത്തിന്റെ മേൽവിലാസം പദ്യരൂപത്തിലെഴുതിയിരിക്കുന്നതു എത്ര രസകരമായിരിക്കുന്നു:—

"കൊട്ടാരത്തിൽ
കവികുലശ്രേഷ്ഠൻ ശങ്കുണ്ണി കാണുവാൻ,
കോട്ടയത്തേക്കു
താൻ, കുഞ്ഞിക്കുട്ടൻ രാജാവയപ്പത്."

സ്വപിതാവിന്റെ ചരമവാർത്ത നടുവത്തച്ഛൻ നമ്പൂതിരിയെ അറിയിക്കാനെഴുതിയ കത്ത്:—

"മനസ്സുവല്ലാതുഴലുന്നു, കണ്ണിൽ
കനത്തു കണ്ണീരൊലി വന്നിടുന്നു,
അനക്കിയാൽ കൈവിറയുണ്ടെഴുത്തി-
ന്നിനിക്കു വിഘ്നം പലതുണ്ടിദാനീം.

നീലക്കാർ വർണ്ണനാം വെൺമണി ജനകനിളാ
വാനവൻ വാനുപുക്കാ-
ക്കാലത്തിക്കണ്ട ഭാഷാ കവികടെ കൃതി കാ-
ണുന്ന കണ്ണൊന്നു പോയീ;
ലീലാ പ്രോൽഗാരിഹാസ്യല്ലലിത രുചി പെറു-
മ്മാറു മാലോകർ കേട്ടാൽ
ചാലേ തുള്ളുന്ന പച്ചപ്ഫലിതമതുര ചെ-
യ്കെന്നതന്നേ കഴിഞ്ഞൂ.

പരിചൊടു പതിമൂന്നാന്തിയ്യതിക്കസ്തശൈലോ-
പരികതിരവദവൻ പോയ് മറഞ്ഞോരുശേഷം
പരമിഹമണി പത്തും പിന്നെയൊന്നുംകഴിഞ്ഞ-
പ്പുരമശുഭമുഹൂർത്തത്തിങ്കലച്ഛൻ * * ച്ചു."

ഒരു കവിതാവേഗ പരീക്ഷയിൽ ചേർന്നതിനേ സംബന്ധിച്ചു നടുവത്തച്ഛന് എഴുതിയ കത്തിൽ നിന്ന്:-

"മുറയ്ക്കന്നോരം നാനാകവിവരരഹോ
തന്റെ ചാതുര്യ്യവീര്യം
കുറയ്ക്കാതേ ചെയ്താർ പരിചുടയൊരാ-
സ്സൽ പരീക്ഷാപ്രവേശം
കുറെക്കഷ്ണിപ്പിക്കും പടി കഠിനമാം
ചോദ്യമായ്ത്തീർത്തമൂലം
തിരിക്കുമ്പോരം തോററാണധികമതിലാരം
വന്നുകൂടാനെളുപ്പം.

അതിലും ചേർന്നു ഞാൻ, തോൽക്കാൻ
മതി മിക്കതുമെങ്കിലും
ധൃതി വിട്ടെഴുതിക്കൂട്ടി-
ഴൂമിമൻ ജോലി തീർത്തുതേ.

A

അതുകരം വലിയകോയിത്തമ്പുരാൻ, കോടിലിംഗ-
ക്ഷിതിപതി കവിരത്നം കൊച്ചുകൊച്ചുണ്ണി, സി. പി.
മതിബലനിധിയേട്ടൻ തമ്പുരാൻ തൊട്ടോരേഴാരം
ചിതമൊടു പരിശോധിച്ചെങ്കിലേ തീർച്ചയാവൂ

A. കൊടുങ്ങല്ലൂർ

കൊട്ടാരത്തിൽ ശങ്കുണ്ണിയ്ക്ക് അയച്ച ഒരു മറുപടിക്കത്തിന്റെ സ്വഭാവം രസികത നിറഞ്ഞതാണ്.

"പൊണ്ണൻമാരുടെ മട്ടിലെന്റെ ഡിഗിനി-
ററി കൽപമൂനം വരും-
വണ്ണം താങ്കളയച്ച പത്രമതിൽ നീ-
"യ്യങ്ങുന്ന" തെന്നിങ്ങിനെ

വർണ്ണിച്ചേററമിടക്കിടയ്ക്കു തവും
സംബുദ്ധിയല്ലാതെ മ-
റെറണ്ണത്തിൽ കുറവില്ല നല്ല മിന്നുസം
ശങ്കുണ്ണി, തേ വാചകം

തമ്പുരാൻെറ ഏതു കത്തും ഒരു മംഗളശ്ളോകം കൂടെ ചേർത്തേ എഴുതാറുള്ളൂ. നടുവത്തച്ഛന് എഴുതിയ കത്തിലെ മംഗളപദ്യം. അതിലെ ഫലിതവും പദഭംഗിയും ഒന്നു നോക്കുക.

മൻമഥനുടെ തടി മുടിയൻ
A B
നിർമ്മലതാരേശ ജാഹ്നവീ മുടിയൻ
C
നമ്മുടെ ഗരളം കുടിയൻ
D
നൻമ തരട്ടേ ഭവാനുമാ മടിയൻ

A. ചന്ദ്രൻ B. ഗംഗ C. വിഷം D മടിയിൽ ഉമ (പാർവതി) യെ ഇരുത്തിയവൻ സമയത്തു മറുപടി അയയ്ക്കാത്ത നടുവത്തിനെ കളിയാക്കിയാണ് "ഉമാ-മടിയൻ" എന്നു തന്നെ പ്രയോഗിച്ചിരിക്കുന്നത്.

ഫലിതമായ മറെറാരു മംഗളപദ്യം കൂടെ ഉദ്ധരിക്കാം:-

"മടിയിൽ ത്തന്നെയെന്നല്ല
മുടിയിൽക്കൂടിയമ്പിയെ
കുടി കൊള്ളിച്ചിടും സർവ
മുടിയസ്വാമി യാശ്രയം"

ശിവസ്തുതിയാണ്. എന്തെല്ലാമുണ്ടെങ്കിലും യാചിക്കാൻ പോകണം. മാത്രമല്ല, സൃഷ്ടിസ്ഥിതി സംഹാര കർമ്മങ്ങളിൽ ശിവൻ സംഹാരമൂർത്തിയുമാണ്. അതു സൂചിപ്പിച്ചാ

ണ്ടു സകല തെററും ക്ഷമിച്ചു മോക്ഷം നൽകാൻ കെൽപ്പുള്ള മുടിയസ്വാമിയെ സ്തുതിച്ചിരിക്കുന്നത്.

മഹാഭാരത തർജ്ജമ നടന്നുകൊണ്ടിരിക്കുമ്പോഠം എഴുത്തുകാരൻ നാരായണൻ നമ്പിക്ക് കുറേ ദിവസം തമ്പുരാനെ വിട്ടുനിൽക്കേണ്ടതായിവന്നു. അന്ന് പി. വി. കൃഷ്ണവാര്യർക്കു എഴുതിയതിങ്ങനെയാണ്.

"ഒൻപതുമണിവരെയെഴുതീ
ട്ടൻപതു പദ്യത്തിലധികമായീല;
ഒരു മണി മുട്ടുമ്പോഴേക്കൊരു
വരവിങ്ങോട്ടു കൂടിയേ കഴിയൂ.

കാലത്തു താങ്കടെ തിരക്കു നിനച്ചു ഞാൻ തൽ-
ക്കാലത്തു താൻ തനതു കയ്യുമയക്കിനോക്കി;
ശീലക്കുറച്ചിൽ മമ കൈവിരയെന്നിവററിൻ
മേലക്ഷരങ്ങളുടനോടി നടക്കയില്ല.

അതുകൊണ്ടൊരു മണിമുട്ടു-
ന്നതു കണ്ടു ഭവാൻ വരും വരയ്ക്കും ഞാൻ
കുതുകമൊടു കാത്തിരിക്കും
കൊതുകടിയും കൊണ്ടു കട്ടിലിൽത്തന്നെ."

ഒരിക്കൽ കൃഷ്ണവാര്യരോട് ഒരു പെൻസിൽ ആവശ്യപ്പെട്ടുകൊണ്ടും ഒരു പദ്യമാണെഴുതിയത്:—

"പെരുമാഠംച്ചെട്ടിപ്പെൻസിലി-
നറുതിയിതാ വന്നു ഭാരതാപ്പീസിൽ;
ഒരു കോലയച്ചുതരണം
വെറുതേ കരുതിക്കിടന്നിടും വകയിൽ"

ഇങ്ങനെ നോക്കിയാൽ തമ്പുരാൻ രചിച്ച മുക്തകങ്ങൾക്കു കണക്കില്ല. എഴുത്തുകളിൽ പതിനായിരം ശ്ലോകങ്ങളോളം ഉൾപ്പെടുമെന്നാണ് അഭിജ്ഞൻമാരുടെ കണക്കുകൂട്ടൽ.

## 13 വേദാന്തചിന്തകൻ

പഞ്ചമവേദമായ ഭാരതസാഗരം മുഴുവൻ മുങ്ങിത്തപ്പി ആവോളം തത്വരത്നങ്ങൾ സ്വാംശീകരിക്കാൻ കഴിഞ്ഞ കേരളവ്യാസൻ വേദാന്തപരമായ കവിതകൾ രചിച്ചതിൽ വിസ്മയിക്കാനില്ല. 'ആത്മബോധം' എന്ന കവിത പരിശോധിച്ചു നോക്കാം.

"ദേഹമാകുമീ തൊണ്ടുള്ള മുടലി-
ങ്ങാകെ യുക്തിയാൽക്കുത്തിക്കളഞ്ഞു താൻ
സ്വൈരം ശുദ്ധാത്മാവുള്ളിലൊന്നുള്ളതു
വേറെയായ്ക്കണ്മൂ നെല്ലിലരിപോലെ"

എന്നു ലളിതമായി പരിചിത വസ്തുക്കൾ ഉദാഹരിച്ച് ആത്മബോധം വരുത്തുന്ന കവിത കുട്ടികൾക്കും സുഗമമാണ്. "ശരീരവും സ്വത്തും നിത്യമാണ്; ജീവിച്ചിരിക്കുമ്പോൾ ഒന്നിനെയും വകവയ്ക്കാതെ, എല്ലാം തന്റെ കഴിവാണ്" എന്നു മദിച്ച് ഈശ്വരനെയും ചൊൽപ്പടിക്കു നിറുത്താൻ വെമ്പുന്ന അജ്ഞാനികൾ ആത്മബോധം ഒരിക്കലെങ്കിലും ഒന്നു വായിച്ചു നോക്കട്ടെ. ഒരു ഈരടി:—

"മൂഢൻ കാണുന്നു കാറുകളാകാശ-
ത്തോടുമ്പോൾ ചന്ദ്രനോടുന്നതുപോലെ."

പ്രകൃതിയിലേയ്ക്കു കണ്ണോടിക്കുന്ന ഏവർക്കും നിഷ്പ്രയാസം തത്വങ്ങൾ ഗ്രഹിക്കാൻ പാകത്തിലുള്ള ഉപമാനങ്ങൾ മാത്രമേ ഈ കവിതയിൽ പ്രയോഗിച്ചിട്ടുള്ളു. അടുത്തു പറയുന്ന ഉദാഹരണംകൂടെ ഏവരും അറിഞ്ഞിരിക്കേണ്ടതാണ്

"നല്ല വിജ്ഞാനമുള്ളൊരു യോഗീന്ദ്ര-
ന്നെല്ലാം നിൽക്കുന്നതാത്മാവിലാണെന്നും
എല്ലാം കേവലമാത്മാവെന്നും കാണു-
മുല്ലാസം കൂടും ജ്ഞാനമാം കണ്ണാലെ
ഇക്കാണും ജഗത്തൊക്കെയൊരാത്മാവാ-
ണോർക്കുമ്പോളാത്മാവല്ലാതെയില്ലൊന്നും."

എന്നു തുടങ്ങുന്ന ആ ഉപദേശം,

"മോഹവൻകടൽക്കക്കരയിൽച്ചെന്നും
രാഗദ്വേഷാദിരാക്ഷസരെക്കൊന്നും
ആത്മശാന്തിയാം ദേവിയെക്കൈക്കൊണ്ടും
സ്വാത്മാരാമനായേററം തെളിയുന്നു. എന്നു

സുപരിചിതമായ രാമായണകഥാസൂചനയിൽ രൂപണം ചെയ്തെത്തിക്കുന്ന രചനാപാടവം ആരെയും സാഹിത്യപ്രേമികളാക്കാൻ ഉതകുന്നതാണ്.

'ചൈതന്യസന്ദർശനം' എന്ന കവിതയിലെ ഒരു ശ്ലോകം അതിൻെറ സാമാന്യരൂപം മനസ്സിലാക്കാൻ വേണ്ടി ചേർക്കുന്നു. ലോകത്തു നിമിഷംതോറുമുണ്ടായ്ക്കൊണ്ടിരിക്കുന്ന കണ്ടുപിടിത്തങ്ങളും പുരോഗമനങ്ങളും ഈശ്വരചൈതന്യത്തിലെ മാററങ്ങളാണെന്നു കവി സമർത്ഥിക്കുകയാണ്.

"ജീവൻ മാത്രം നശിക്കാ, പലതിലുമതുപോയ്
മാറി മാറിച്ചരിപ്പോ-
ണേവം കാണാതെയുള്ളോരിതിനുടെ വിഭവം
പാർത്തു തത്വജ്ഞർ ചൊൽവൂ!
ഈ വണ്ണം പഞ്ചഭൂതപ്രകൃതിയണു മയം
പഞ്ചതന്മാത്രവും സൽ-
ദാവം പൂണ്ടന്തമെന്യേ മറവിൽ മരുവുമെ-
ന്നുണ്ടു സൂക്ഷ്മജ്ഞ പക്ഷം!!"

സാമൂതിരിക്കോളേജിലെ വിദ്യാർത്ഥികൾ ദിവസവും കാലത്തു 10 മണിക്കു ഹാജരായ ഉടനേ ഒരു ഹാളിലൊന്നിച്ചുകൂടി പ്രാർത്ഥിക്കുവാനായി തമ്പുരാൻ രചിച്ച പ്രാർത്ഥനയിലെ ഒരു ശ്ലോകം:—

"നമോ വ്യോമ്നി വായൌ തഥാചിത്രഭാനൌ
ജലേ വാ സ്ഥലേവാ കൃതവ്യാപനായ
പരബ്രഹ്മനാമ്നേ ത്രിധാമ്നേ മഹിമ്നേ
പരാശക്തിയുക്തായ കസ്മൈചിദസ്മൈ."

ഇങ്ങനെ കുട്ടികൾക്കെന്നല്ല സകല ജനതയ്ക്കും സർവവ്യാപിയായ പരാശക്തിയെക്കുറിച്ചു വിശ്വാസം ജനിക്കത്തക്ക വിധം അദ്ദേഹം കവിത രചിച്ച് എമ്പാടും സംഭാവന ചെയ്തിട്ടുണ്ട്.

## 14. പാട്ടുകൾ

ശ്രുതകവനങ്ങളും, കത്തുകളും, തർജ്ജമകളും മാത്രമല്ല, 'പല്ലവി, അനുപല്ലവി, ചരണങ്ങൾ എന്ന മുറയ്ക്ക് രാഗതാളനിബദ്ധമായി ഈശ്വരസ്തുതിപരമായ അനേകം ഗാനങ്ങളും തമ്പുരാൻ രചിച്ചിട്ടുണ്ട്. "ആനത്തലയുള്ള ദേവാ" എന്നു തുടങ്ങുന്ന വിഘ്നേശ്വരസ്തുതി ആശയപുഷ്ടിയുള്ള ഒരു ഗാനമാണ്. തുടർന്ന് സരസ്വതി, ശിവൻ, വിഷ്ണു എന്നിവരെയെല്ലാം സ്തുതിച്ചുകൊണ്ടുള്ള ഗാനങ്ങൾ ആ കൂട്ടത്തിൽ രചിച്ചു പ്രചരിപ്പിച്ചിരിക്കുന്നു.

## —ഒരു ഗാനം—

ഹൃദയത്തിൽ പരമാനന്ദം – പെരുകാനെന്നും
സദയം വാഴ്ക ഗോവിന്ദ!

(ചരണങ്ങൾ)

തിരുനാരായണപുരംമരുവും ചിൽപ്രഭാപൂരം
കരിമുകിൽക്കറുകരളെടുപ്പൊരു പരമ–
സുന്ദര തര നിറത്തൊടു (ഹൃദയത്തിൽ)

അടിതൊട്ടു മുടിയോളം വടിവോടുള്ളലിവോളം
സ്ഫുടമുറച്ചിടു മടവിലെപ്പൊഴു മിട–
വിടാപ്പടിയുടലിതോർക്കുക (ഹൃദയത്തിൽ)

പതിവായ്പ്പാൽപ്പായസത്തിൽ
കൊതികൂടുമവിടത്തിൽ
മതികൊടുക്കുകിലതി രുചിക്കതു-മതി
മഹസ്സിതു ഗതി തരാൻമതി (ഹൃദയത്തിൽ)

പലമട്ടുള്ള സംസാരം പലതും സങ്കടസാരം
നലമൊടായതു വിലപെടും രസനിലയി–
ലാവതിനലമിതേ ഗതി. (ഹൃദയത്തിൽ)

പരമാനന്ദപീയൂഷം തരുവാനീയൊരു വേഷം
ധരണിവാഴ്വൊരു നരരിലലിവൊട്ടു
സരസമുണ്ടിഹ പരിലസിപ്പതു (ഹൃദയത്തിൽ)

അവിടെയ്ക്കൊന്നു ചെൽവാനും
അവിടത്തെ തൊഴുവാനും
എവനുമുവി തരമവനു ഗതിവരു–
മിവനുമതിനൊരു നവമനോധൃതി (ഹൃദയത്തിൽ)

എന്നീ രീതിയിലുള്ള ഗാനസാഹിത്യം ആരിലും ഭക്തിയും ആഹ്ളാദവും വർദ്ധിപ്പിക്കുന്നതാണ്.

ആ കാലത്ത് ദേവാലയങ്ങളിൽ നടത്തിവന്ന വിവിധതരം കളികൾക്കും ചടങ്ങുകൾക്കും ഉപയോഗിക്കാൻ വേണ്ടിയും ധാരാളം ഗാനങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. അതിൽ,

"ദേവ ദേവൻ കണ്ണിൽപ്പെററ മായേ,
ദേവി, പുതിയേടം വാഴും തായേ,
ദാരുണരൂപേ,—രിപു-
ദാരണ കോപേ,—സുര-
താരണചാപേ,—ഭയ
ദാരക്ഷയ ഭാരത്തിനു വീരവ്രതമേന്തും ശിവ-
ദാരങ്ങൾ കൊണ്ടാടും വിശ്വമായേ,—ഭയം
തീരുവാനെന്നും തുണയ്ക്ക നീയേ." എന്നു തുട

ങ്ങുന്ന കുമ്മിപ്പാട്ട് അക്കാലത്ത് എമ്പാടും പ്രശസ്തിയാർജ്ജിച്ചിരുന്നു. പാന, കുറത്തിപ്പാട്ട്, വഞ്ചിപ്പാട്ട് ഈ വൃത്തങ്ങളിൽ രചിച്ചിട്ടുള്ള ഗാനങ്ങളിലെ ആപാദചൂഡ വർണ്ണനകൾ പരിശോധിച്ചാൽ അതൊന്നും മുൻപു മററാരും പ്രയോഗിച്ചിട്ടില്ലാത്ത പുതുമണം തുളുമ്പുന്ന കല്പനകളാണെന്നു മനസ്സിലാക്കാം.

വഞ്ചിപ്പാട്ടു രീതിയിലുള്ള ഒരു ശ്രീകൃഷ്ണസ്തുതിയിലെ ചില ശീലുകൾ നിത്യനൂതനങ്ങളായി ശോഭിക്കുന്നതു നോക്കുക:

"തിരുമുടിക്കെട്ടുമതിൽ തിരുകിയ പീലിക്കണ്ണും,
കുറുനിരക്കൂട്ടും ഗോപിക്കുറിയും പൊട്ടും,
പുരികവുമഴകേറും പരിചുള്ള മിഴികളും,
ചെരിഞ്ഞിടയ്ക്കിടെ കണ്ണിൻ കടാക്ഷങ്ങളും,

പുഴയിലോട്ടോടിവഞ്ചി തുഴയുന്ന പങ്കായങ്ങൾ
അഴകിനാലൊക്കും പക്ഷ്മപ്പെരുമാററവും
കാതിലാടും കുണ്ഡലങ്ങൾ വീതികൂടും—
കവിൾത്തട്ടിൽ

പാതിമുട്ടും ഭംഗിക്കൊക്കുമഴകാം മൂക്കും,
പുഞ്ചിരിപ്പാലൊലിച്ചുലിച്ചഞ്ചിത—
ചെഞ്ചുണ്ടു രണ്ടും
കൊഞ്ചിടും മട്ടുള്ള നല്ല മധുരചൊല്ലും.
പങ്കജത്തോടെന്നുവേണ്ടാ തിങ്കളോടുമതുപോലെ
അങ്കമാടിജ്ജയം കൊണ്ട തിരുമുഖവും;
ശംഖിനൊക്കും കഴുത്തിങ്കൽ തങ്കീടും ഹാരവും
മാറിൽ
തിങ്ങിനിൽക്കും കൗസ്തുഭവും—
ശ്രീവൽസശ്രീയും."

എന്നിങ്ങനെ തേനൊഴുക്കുന്ന സരളമായ പദാവലി ഏതു വിഷയമായാലും പ്രയോഗിക്കുവാനുള്ള തമ്പുരാൻെറ ജന്മസിദ്ധി ആരെയും ആശ്ചര്യപ്പെടുത്തും.

"അച്യുതാനന്ദ, ഗോവിന്ദ, മാധവ,
സച്ചിദാനന്ദമൂർത്തേ ഭഗവാനേ" എന്നു തുടങ്ങുന്ന ഗുരുവായുരപ്പൻ പാനഭക്തിയും മനോധർമ്മവും തികഞ്ഞ കവിതയാണെന്ന് ഈ ഈരടികൾ വ്യക്തമാക്കുന്നുണ്ട്:—

കാലിമേച്ചു വനന്തോറും ഗോപാല
ബാലൻമാരുമായ് ചുററിനടക്കുമ്പോൾ
ബാലഗോപാലമൂർത്തേ തരംപോലെ
ലീലയാടുകെന്നെൻ മനക്കാട്ടിലും

കവിതാഭാഗം ഇങ്ങനെ തുടരുകയാണ്:—

മാന്തളിർ കാന്തിയേന്തും ചുവപ്പാലെ
കാന്തമാകുമീ വിഷ്ണു പദത്തിങ്കൽ
കാന്തിയിൽ ത്തിങ്കൾക്കുഞ്ഞുങ്ങളെപ്പോലെ
യേന്തിടുന്ന നഖങ്ങൾക്കും കൂപ്പുന്നേൻ
പത്തുകാൽവിരലായിടും ബാണങ്ങ—
ളൊത്തുചേർത്തു പകുത്തുവച്ചങ്ങനെ
തേച്ചിണക്കുന്നല്ലിന്ദ്രനീലക്കല്ലാൽ
വാച്ചിടും ഭംഗിതേടും പ്രകാരത്തിൽ
കാൽച്ചിലമ്പായ പൊൻകെട്ടും കെട്ടിച്ചു
വെച്ചിടു മാവനാഴിയിണപോലെ
കണ്ട ഗോപികൾക്കുൾക്കനത്തെപ്പോക്കി—
ക്കൊണ്ടിടും കണങ്കാലിണ കൂപ്പുന്നേൻ.

തമ്പുരാൻെറ ഈ ഗുരുവായൂരപ്പൻപാന വായിക്കുന്നവർക്ക് ആ സമയം ഗുരുവായൂർ സന്നിധാനത്തിലാണെന്നല്ലാതെ ഒരു പ്രതീതി ഉണ്ടാവുകയില്ല.

തമ്പുരാൻെറ ഏറ്റുമാനൂരപ്പൻപാനയുടെ തുടക്കം തന്നെ മഹാദേവൻെറ ചിത്രീകരണത്തോടുകൂടിയാണ്. ആ കവിതയിലൂടെ, നൃത്തംചെയ്യുന്ന നടരാജൻ പ്രത്യക്ഷപ്പെടുകയാണ് തുടക്കം:—

"അർദ്ധചന്ദ്രകിരീട, ജടാധര,
നൃത്തനാഥ ജയിക്ക ജഗൽപതേ,
ശുദ്ധസത്വസ്വരൂപ, വിഷധര—
ബദ്ധകങ്കണ, ശങ്കര ദൈവമേ—

എന്നിങ്ങനെയാണ്. ആ സ്തുതിഗാനത്തിന്റെ ഒഴുക്ക് ഈ പ്രകാരമാണ് —

ലോകർക്കൊക്കെയറിവിനുവേണ്ടീട്ടി
ലോകതന്ത്രം നടിച്ചുകാട്ടുന്നു നീ
ലോകപാലരും വിഷ്ണുവിരിഞ്ചാദി
ലോകകർത്താക്കന്മാരും രസിക്കുന്നു.
തോററുപോകേണ്ട പാപികളേ, നിങ്ങ-
ളേററുചൊല്ലാം ഞാൻ നന്മയ്ക്കു കൗശലം
ഏററുമാനൂർക്കു പോകുവാൻ മാത്രമൊ-
ന്നേററു മാനസം മുമ്പിട്ടയയ്ക്കുവിൻ." എന്നീ

തരത്തിൽ പാപികളെ ക്ഷേത്രാരാധനത്തിന് ആകർഷിക്കത്തക്ക കവന വൈഭവം ഇത്തരം ഭക്തകവികൾക്കേ ലഭിക്കുകയുള്ളൂ. തമ്പുരാന്റെ ഭാവന പ്രവർത്തിച്ചതു മുഴുവൻ ആബാലവൃദ്ധം ജനതയ്ക്കു വേണ്ടിയായിരുന്നല്ലോ.

"വീരധർമ്മത്തിനു വീഴ്ചവളർക്കുന്ന
വീരനെ, വല്ലിക്കു വല്ലഭനേ, — എന്നു തുടങ്ങി
അനവരത മമിത സുഖമടിയനുളവാകുവാ-
നാനന്ദരൂപനെ, തമ്പുരാനെ," എന്നീ മട്ടിൽ രചി

ച്ചിരിക്കുന്ന സുബ്രഹ്മണ്യ സ്തുതിയും അംഗീകരിക്കപ്പെട്ട ഒരു കവിതയാണ്.

## 15. ശബ്ദാലങ്കാരങ്ങൾ

ഒരിക്കൽ കോവിലകത്തു വച്ച് ഒറവങ്കര നീലകണ്ഠൻ നമ്പൂതിരിയും തമ്പുരാനുംകൂടെ സംസ്കൃതഭാഷയിൽ ഒരു കവിതാവേഗപരീക്ഷയ്ക്കു വിധേയരായി. നാലു മണിക്കൂറുകൊണ്ട് 41 ശ്ലോകം രചിക്കാനായിരുന്നു മൽസരം. കഥാപുരുഷൻ കൃത്യസമയത്തിനു മുൻപേ കവിത തീർത്തു.

ശിഷ്യന്മാരുടെ പാഠം മുടക്കിയതുമില്ല. ആ ശ്ളോകങ്ങളിൽ കാണുന്ന ശബ്ദാർത്ഥാലങ്കാരങ്ങാം പരിശോധിച്ചാൽ അതൊരു ദ്രുതകവനമാണെന്നു പറയാൻ കഴികയില്ല. ഒരു ശ്ളോകം ഉദ്ധരിക്കാം:—

"ശ്രീരാജരാജ പുരരാജിത രാജതാദ്രി—
രാജോപരി സ്വയമരാജത രാജമൗലിഃ,
അർദ്ധാധികേന വപുഷാ വനിതാമയോ യഃ
സ്പർദ്ധാം സമർത്ഥയതി സാരസ സായകസ്യ."

സംസ്കൃത ശ്ളോകമായതുകൊണ്ട് ആശയംകൂടെ ചേർക്കുന്നു.

രാജരാജൻ = കുബേരൻ
രാജതം = രജത (വെള്ളി) മയമായ
ഉപരി = മുകളിൽ
അദ്രിരാജോപരി = കൈലാസത്തിനു മുകളിൽ
അരാജത = രാജിച്ചു (ശോഭിച്ചു)
രാജൻ = ചന്ദ്രൻ
രാജമൗലി = മൗലിയിൽ ചന്ദ്രനുള്ള ശിവൻ
വപുഷാ = വപുസ് (ശരീരം) കൊണ്ട്
അർദ്ധാധികേന വപുഷാ വനിതാ മയോയഃ = പകുതിയിൽ കൂടുതൽ ശരീരത്താൽ സ്ത്രീരൂപൻ (അർദ്ധനാരീശ്വരനായ)
സായകം = അമ്പ്
സാരസസായകസ്യ = മദനദേവന് (ലോകൈക സുന്ദരൻ)

കുബേരൻെറ അളകാപുരികൊണ്ടു ശോഭിക്കുന്ന കൈലാസത്തിനു മുകളിൽ ശിവൻ സ്വയം പ്രശോഭിച്ചു. അർദ്ധനാരീശ്വരനായ ശിവൻെറ സൗന്ദര്യം, ലോകൈക സുന്ദരനെ

ന്ന വികാസപ്പെട്ടിരുന്ന കാമദേവനുപോലും ആ സൗന്ദര്യ ത്തിൽ സ്പർദ്ധ തോന്നി എന്നതു തെളിയിച്ചു.

ഇതേ കാവ്യശയ്യയിൽത്തന്നെയാണ് ഇതിനോടു ചേർന്നുള്ള എല്ലാം ശ്ലോകങ്ങളും.

1086- നടുത്ത് കുട്ടമത്തുകുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പിന് അദ്ദേഹത്തിൻെറ 'യമക'മയമായ കാളിയമർദ്ദനം എന്ന കൃതിയെപ്പററി തമ്പുരാൻ അഭിപ്രായമെഴുതിയ ഒരു കത്തും സരസയമകസമ്പൂർണ്ണമായ ശ്ലോകമായിട്ടാണ്. അഞ്ചു ശ്ലോകങ്ങളേ കിട്ടിയിട്ടുള്ളു. അതിൻെറ സ്വഭാവമിതാണ്:— (ആദ്യത്തേതു മംഗളശ്ലോകം)

"ആരിതു പെണ്ണാണെന്നോർ-
ത്തടുത്ത ചെങ്ങാതിയാരു പെണ്ണാണെന്നോ
ഇപ്പടി ഹരിശിവ മായേ.
ചെപ്പടിയേ കാണ്കലഹരിശിവമായേ.
അയി തവ വിജയം കവിയും
കൃതി കണ്ടേൻ, 'ധർമ്മപുത്രവിജയം' കവിയും
സ്വരസം കൊണ്ടാടീടും
മനമൊടുമിതു കാണ്കിലാശു കൊണ്ടാടീടും."

ആവർത്തിച്ചു ചെയ്തിരിക്കുന്ന പദപ്രയോഗങ്ങളുടെ ആശയം അറിഞ്ഞിരിക്കേണ്ടതാണ്.

പെണ്ണ് ആണെന്നോർത്ത് (ആകുന്നു എന്നു സംശയിച്ച്)

ചെങ്ങാതിയാര് = കൂട്ടുകാരൻ.

പെണ്ണാൺ എന്നോ = അർദ്ധനാരീശ്വരനായ ശിവനാകുന്നു എന്നോ!

ഹരിശിവമായ = ഹരിയും ശിവനും സഹകരിച്ചുള്ള മായാവിലാസങ്ങൾ.

ചെപ്പടി = തൃപ്പാദം.

ലഹരിശിവമായ = മാദകമായ ശിവമായ

വിജയം കവിയും = അതിരു കവിയുന്ന വിജയം പ്രദാനം ചെയ്യുന്നു.

അയി = അല്ലയോ, സ്നേഹിതാ, എടോ.

കവി = പണ്ഡിതൻ, സഹൃദയൻ

സ്വാരസ്യം കൊണ്ട് + ആടിടും മനമൊടും

കൊണ്ടാടീടും = പുകഴ്ത്തും.

1) മഹാവിഷ്ണുവിന്റെ മോഹിനിവേഷം കണ്ടു സമീപിച്ച ശിവനാകട്ടെ അർദ്ധനാരീശ്വരനാണ്. ഇങ്ങനെ ഹരിയുടെയും ശിവന്റെയും മായാവിലാസങ്ങൾ കണ്ടുനിൽക്കുന്നവർക്ക് എവിടെയും മാദകമായ ശിവമായതന്നെ ആശ്രയം.

2) അല്ലയോ സ്നേഹിതാ, അതിരു കവിഞ്ഞ വിജയം ലഭിക്കത്തക്കവണ്ണം രചിച്ച കൃതി കണ്ടു. അതു ധർമ്മപുത്രർക്കു തന്നെ വിജയം സൂചിപ്പിക്കുന്നു. ഇതിലെ സ്വാരസ്യമാസ്വദിച്ച് പണ്ഡിതൻമാർ പോലും മനസ്സിളകി ഈ കാവ്യത്തെ കൊണ്ടാടും (പുകഴ്ത്തും)

യമകപ്രയോഗങ്ങളുടെ ഏകദേശമുള്ള ആശയമിതാണ്. ഇതിൽക്കൂടുതലായും ഇതു വ്യാഖ്യാനിക്കാവുന്നതാണ്.

## 16 സമസ്യാപൂരണം.

സമസ്യ എന്ന പദത്തിന് സമാസിക്കാത്തത് എന്നാണു വാക്കർത്ഥം. എങ്കിലും പൂരിപ്പിക്കാനായി കൊടുക്കപ്പെടുന്ന കവിതാഭാഗം എന്നാണ് ഇവിടെ ആശയം. സമസ്യ സാധാരണ ഒരു ശ്ലോകത്തിന്റെ നാലാം പാദമായിട്ടാണു ചെ

രുക. മൂന്നുവിധം സമസ്യയുണ്ട്. സമസമസ്യ, വിഷമസമസ്യ, അപൂർണ്ണസമസ്യ. എന്ന്.

"നിന്നു നന്ന നനഞ്ഞു ഞാൻ" എന്ന പാദസമസ്യ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഇങ്ങനെ പൂരിപ്പിച്ചിരിക്കുന്നു.
"അന്നു വയ്ക്കത്തു വന്നിട്ടു പോന്ന നാം കോട്ടയംവരെ വന്ന കാററും മഴകളും "നിന്നു നന്ന നനഞ്ഞു ഞാൻ!"

"കണ്ടേൻ കറുത്ത രുധിരാംബു നിലാവുപോലെ" എന്ന സമസ്യയുടെ പൂരണം പഴയ കാലം മുതൽക്കേ സാഹിത്യപ്രേമികളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതാണ്. അതിൻെറ പൂരണം ഇങ്ങനെ രൂപപ്പെട്ടിരിക്കുന്നു:—

"ഉണ്ടായിപോലൊരു കുതൂഹലമിന്നുഭൂമൗ
മണ്ടുന്ന പാമ്പിനെയിടഞ്ഞൊരിളം ചകോരം
കണ്ടിച്ചുകൊത്തിരുധിരം നിറയെക്കുടിച്ചു,
'കണ്ടേൻ കറുത്ത രുധിരാംബു നിലാവുപോലെ."

ഈ സമസ്യാപൂരണം കുഞ്ഞിക്കുട്ടൻ തമ്പുരാൻെറതാണെന്ന് 'കേരളവ്യാസൻ' മാസികയുടെ 1092 വൃശ്ചികം ലക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (പുറം 631 )

## 17 ചില പ്രത്യേക ശ്ലോകങ്ങൾ.

തമ്പുരാൻെറ കവിതാസാമർത്ഥ്യം ഏതു സന്ദർഭത്തിലും സൗകുമാര്യം തികഞ്ഞതാണെന്നു മുൻപും പറഞ്ഞിട്ടുണ്ട്. എങ്കിലും ശബ്ദാലങ്കാരവും അർത്ഥാലങ്കാരവും ഉചിതമായ വൃത്തവും രസവും സംയോജിപ്പിച്ചിട്ടുള്ള ചില ഉദാഹരണങ്ങളെങ്കിലും അറിഞ്ഞിരിക്കേണ്ടതാണ്.

1) ശബ്ദാലങ്കാരം— ദ്രുതവിളംബിതംവൃത്തം— മൂന്നുസന്ധികളിലും (ആദിമധ്യാന്തങ്ങളിൽ) യമകം:—

i) "പരമമാനവമാമരുണത്വിഷാ
പരമ മാനവഴിക്കു ദയാദ്രിയിൽ
പരമമാനവ സേവിതനാമിനൻ
പരമമാന വരട്ടിരുൾ മാററിനാൻ (ഒന്നാം സന്ധി)

ii) കിരണ മാലകൾ തൂകിടു മുൽക്കട-
സ്ഫുരണമാലയണിയിച്ചവനുച്ചയിൽ
ചരണമാലയമുള്ള ദരിദ്രനും
ശരണമാലടിയാക്കി ദിവാകരൻ (രണ്ടാംസന്ധി)

iii) അതുലമാം ചരമാംബുധി വാരണ-
ഞ്ഞിതു ഖരദ്യുതിഭാനു നിവാരണം
മുതുതമോമയമേററിതു വാരണം
പുതുസുമാസ്ത്രരണം പൊടിവാരണം
(മൂന്നാം സന്ധി)

ഈ ശ്ലോകങ്ങളിലെയും യമകാർത്ഥം മനസ്സിലാക്കി വായിക്കുക.

1) പ്രഭാതവർണ്ണനം — പരം അമാനവമായ (ദിവ്യമായ) അരുണത്വിഷാ = അരുണൻെറ ത്വിട്ടിനാൽ (ചെങ്കതിരിൻെറ ശോഭയാൽ) പരമമായ മാനം (ആകാശം) വഴിക്ക് ഉദയാദ്രിയിൽ എത്തുന്ന സകല മാനവരാലും സേവിതനായ ഇനൻ (സൂര്യൻ) അങ്ങേയററം (വരട്ട് + ഇരുൾ) കട്ടിയായ (കൂരിരുളിനെ) മാററി. ലോകത്തു പ്രഭാതകാന്തി പരന്നു എന്നു സാരം

2) മധ്യാഹ്ന വർണ്ണനം—ഉച്ചസമയത്തു സൂര്യൻ ഉൽക്കടമായ (ശക്തികൂടിയ) കിരണമാലകൾ = രശ്മിയുടെ കൂട്ടം

ചൊരിഞ്ഞ് സ്ഫുരണമാല് ചൂടുകൊണ്ടുള്ള ദുഃഖം ഉള വാക്കി. അപ്പോൾ ഏകാശ്രയമായി സ്വന്തംചരണം = പാദം മാത്രമുള്ള ദരിദ്രനും ശരണം (ആലംബം) ആയി ആലടി (ആലിന്റെ ചുവട്-തണല്)യെ പ്രാപിക്കേണ്ടിവന്നു-മധ്യാഹ്നത്തിലെ ചൂടേററു വിഷമിച്ച യാത്രക്കാർ മരണത്തണലിൽ അഭയം തേടി.

3) രാത്രിയുടെ വർണ്ണന:—

അംബുധിവാര് + അണഞ്ഞിതു
ഭാനു (രശ്മി) - നിവാരണം
വാരണം = ആന
പൊടി വാരണം = ആഘോഷിക്കണം.

ഉൽക്കടദ്യുതി പരത്തിയിരുന്ന ഖരദ്യുതി (സൂര്യൻ) ചരമാംബുധിയുടെ വാരിൽ ശോഭയിൽ ലയിച്ചു. പ്രകാശത്തെ മുഴുവൻ നിവാരണം ചെയ്യാൻ ശക്തമായ മുതുതമോമയമായ (കൂരിരുളാകുന്ന) വാരണം ഏററിതു (ഉയർന്നു). സൂര്യൻ അസ്തമിച്ചു. കൂരിരുൾ എങ്ങും വ്യാപിച്ചു. ഇനി സുമാസ്ത്രന്റെ കേളി നടക്കണം.

2) ശബ്ദാലങ്കാരവും, അർത്ഥാലങ്കാരവും, ശാർദ്ദൂലവിക്രീഡിതം വൃത്തവും. (ശ്മശാനത്തിൽ വച്ച്, മരിച്ചകുട്ടിയെയും കൊണ്ടുചെന്ന ചന്ദ്രമതിയെ കണ്ടറിഞ്ഞപ്പോൾ ഹരിശ്ചന്ദ്ര മഹാരാജാവിനുണ്ടായ സ്തോഭവർണ്ണന.

"ആരാലെന്നറിവെന്നിയേ ശിശുശവം
ചുട്ടീടുമിച്ചേട്ടയാ-
ഭാരാണെന്നു കടന്നുചെന്നു സുഭൃശം
സൂക്ഷിച്ചുനോക്കും വിധൗ

ആരംവിൽച്ചോടിമാഞ്ഞു കണ്ണിണയണി-
ക്കണ്ണീരുപാഞ്ഞുള്ളുകൊ-
ണ്ടോരാഞ്ഞൊന്നു പകച്ചുനിന്നഥ ഹരി-
ശ്ചന്ദ്രൻ ചിരിച്ചീടിനാൻ."

## 18. ദ്വിതീയാക്ഷരപ്രാസവാദം

"ദ്വിതീയക്ഷരപ്രാസം ചേർപ്പതു കൈരളീ മഹിളതൻ മംഗല്യമാണോർക്കണം" എന്ന തത്വത്തിലുറച്ചുനിന്ന് പ്രതിപാദ്യത്തെക്കാൾ പ്രതിപാദനത്തിനു സ്ഥാനം കൽപ്പിച്ചിരുന്നു കേരളവമ്മ വലിയകോയിത്തമ്പുരാൻ. എന്നാൽ എ. ആർ. രാജരാജവർമ്മത്തമ്പുരാൻ ആ നിർദ്ദേശം അത്ര സ്വീകാര്യമായി കരുതിയില്ല. ദ്വിതീയാക്ഷരപ്രാസം ഒപ്പിക്കുന്നതിനുവേണ്ടി പദസഹസ്രങ്ങളുടെ പിന്നാലെ പരക്കം പായുന്ന സമ്പ്രദായത്തെ അദ്ദേഹം എതിർത്തു. കവികൾ ഈ പ്രാസവാദത്തിൽ രണ്ടു ചേരിയിലായി അണിനിരന്നു. മഹാകവി ഉള്ളൂർ വലിയകോയിത്തമ്പുരാന്റെ പക്ഷത്തും കെ. സി. കേശവപിള്ള ഏ. ആറിന്റെ പക്ഷത്തും നിന്നുകൊണ്ട് ഓരോ മഹാകാവ്യം നിർമ്മിക്കുകയും ചെയ്തു. ഉമാകേരളവും കേശവീയവും. ഒടുവിൽ, കുഞ്ഞിക്കുട്ടൻതമ്പുരാന്റെ അഭിപ്രായം ഒരു മധ്യസ്ഥതീരുമാനമായി വരേണ്ട ഘട്ടം വന്നു.

അദ്ദേഹം സുചിന്തിതമായി ഒരഭിപ്രായം രേഖപ്പെടുത്തി. അത് പദ്യരൂപത്തിലെഴുതിയതിങ്ങനെയാണ്:—

"രണ്ടാംവർണ്ണം പ്രാസം
കൊണ്ടാടി പ്രബന്ധികാട്ടുമൊരു ധർമ്മം
കുണ്ടാമണ്ടിയിലാക്കി-
ക്കൊണ്ടാക്ഷേപിച്ചിടുന്നു പുതിയ ചിലർ.

ഇതു മാററിവച്ചു വെന്നാൽ
പ്പുതുമാതിരിയർത്ഥ പുഷ്ടിയുണ്ടാക്കാം.
കുതുകത്തൊടിപ്രകാരം
ചതുരന്മാരർത്ഥലുബ്ധർ പറയുന്നു.

എന്നുതുടങ്ങി

തഞ്ചമറിഞ്ഞ കവീശ്വരൻ
കുഞ്ചൻ തുഞ്ചൻ തുടങ്ങിയ മഹാന്മാർ
നെഞ്ചലിയും പടി തീർത്തതു
കിഞ്ചന ദോഷപ്പെടുന്നതു ചുരുക്കം."

എന്നു പൂർവകവികളെയും ഉദാഹരിച്ച്, കെ. സി. യുടെയും ഉള്ളൂരിൻെറയും അഭിപ്രായങ്ങൾക്ക് ഇങ്ങനെ വിലയിരുത്തുന്നു.

'ക്ലേശകരം പ്രാസ' മിതാ
'ക്ഷേശവമത , മിതിനെതിർത്തു വിപരീതം
'മോശതയിതിനില്ലെന്ന' ന്നാ
പ്പേശല പരമേശ്വരാഖ്യ 'സിദ്ധാന്തം'

മഹാകവിയുടെ ദൃഷ്ടിയിൽ പൂർവപക്ഷവും സിദ്ധാന്തവും ഇങ്ങനെയാണ്. സ്വമതം ഇതാണ്:—

"രണ്ടും കേട്ടിഹ സൂക്ഷ്മം
കണ്ടും കൊണ്ടൊന്നു ഞാനുമുരചെയ്യാം;
വീണ്ടും ഗുണമുള്ളേടം
വേണ്ടും പ്രാസം ത്യജിക്കലതു മോശം"

എന്നു പറഞ്ഞെങ്കിലും എല്ലാവരെയും വെറുപ്പിക്കാതെ നിറുത്താൻ തക്കവണ്ണമാണ് അഭിപ്രായം അവസാനിപ്പിച്ചിരിക്കുന്നത്:—

"പ്രായേണ ദ്രാവിഡച്ചൊൽ കളിലിടകലരും,
പ്രാസസൗഭാഗ്യമുണ്ടെ-
ന്നായേ ലോകം രസിക്കു കവിതയി,ലതിനാൽ-
ബ്ഭൂരിപക്ഷത്തെ നോക്കി
ചായേണം നമ്മളങ്ങോട്ട, തിനിടയിൽ വെറും
വാഗ്വിവാദം തുടങ്ങി-
പ്പോയേച്ചാൽക്കാര്യമുണ്ടോ? കവിതകളെഴുതി
ക്കൂട്ടുവിൻ കൂട്ടുകാരേ."

ഇതിൽ നിന്നു വ്യക്തമാകുന്നു തമ്പുരാൻ പ്രാസാനുകൂലിയാണെന്ന്. എങ്കിലും സാഹിതീഭക്തൻമാരുടെ ഒരു സമ്മേളനം കൂടി പ്രാസം വേണമെന്നു വിചാരിച്ച് അർത്ഥം ബലി കഴിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും പ്രാസമില്ലെങ്കിലും ആശയാവിഷ്കരണം അനർഗ്ഗളം നടന്നിരുന്നതിനാൽ മതിയെന്നും ഉള്ള തീരുമാനമാണുണ്ടായത്.

## 19 മംഗളശ്ലോകങ്ങളും ഛായാശ്ലോകങ്ങളും.

കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ മംഗളശ്ലോകങ്ങൾക്ക് ഒരു പ്രത്യേക ചമൽക്കാരമുണ്ടെന്നു തന്നെയല്ല അവയിൽ ചില തത്വങ്ങളും അടങ്ങിയിരിക്കുക സാധാരണമാണ്. ഏതാനും പദ്യങ്ങൾ പരിശോധിക്കാം. പ്രകൃതിനിയമങ്ങളെ ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ള,

"ലോകം കൂരിരുളിൽക്കിടന്നു മറിയും
നേരത്തു ബാലാതപാ
ലോകംതൂകി വിരിഞ്ചസൃഷ്ടിവിഭവം
കാട്ടിത്തരും ദൈവമേ,
ഏകജ്യോതിരുദാരശക്തി വഴിയേ
ശീതോഷ്ണഭേദങ്ങളെ
പ്പാകംപോലെ പരത്തിടുന്ന പരമാ
ത്മാവേ, പ്രസാദിക്കണം." എന്ന ശ്ലോകം

ത്രൈലോക്യ കർത്താവായ പരബ്രഹ്മ സ്വരൂപിയുടെ മാഹാത്മ്യത്തിന് ഉത്തമ ദൃഷ്ടാന്തമാണ്.

കാവിൽ കൃഷ്ണപിള്ളയുടെ ആധിപത്യത്തിൽ ചേർത്തല നിന്നു പുറപ്പെട്ടിരുന്ന 'ദക്ഷിണദീപം' എന്ന മലയാള മാസികയ്ക്കു തിരുമേനി കൊടുത്ത ഒരു മംഗളപദ്യം:—

"കൽപാന്തോൽക്കട ഭാസ്കരൻ ഖരകരം
മൂപ്പിച്ചു മുപ്പാർ തപി-
ച്ചപ്പോടേ വറളുമ്പൊളുപ്പുകടലും
കട്ടപ്പെടും കാലമേ,

ദൃക്പാതം ബഡവാഗ്നിപോലെ ഗിരിശൻ
തട്ടിച്ചുപൊട്ടിച്ച പാ-
ടപ്പാ! പൊട്ടലുകേട്ടു പുഞ്ചിരിയിടും
പത്രക്കിടാവേ, തൊഴാം."— ഈ പദ്യം എത്ര

ഗംഭീരമായിരിക്കുന്നു! അവിടേയ്ക്കു ശാസ്ത്രതത്വങ്ങളിലു ള്ള അറിവിനും ലോകപരിചയത്തിനും ഇങ്ങനെയുള്ള പദ്യ ങ്ങൾ ഉത്തമദൃഷ്ടാന്തങ്ങളാണ്. വിശേഷിച്ച് 'അപ്പാപൊട്ട ലു കേട്ടു പുഞ്ചിരിയിടും പത്രക്കിടാവേ, എന്ന പ്രയോഗ ത്തിൽ പ്രളയകാലത്ത് ആലിലയിൽക്കിടന്ന മഹാവിഷ്ണു വിനെ സൂചിപ്പിച്ചിരിക്കുന്ന ആശയത്തിൽ ഫലിതവും ഭ ക്തിയും കലർത്തിയിരിക്കുന്നു. എത്ര ഹൃദയഹാരിയായ ക വിത! ഇത്തരം സ്തുതിഗീതങ്ങൾ എത്ര വേണമെങ്കിലും ഉദ്ധരിക്കാനുണ്ട്. കത്തുകളെപ്പററി പറഞ്ഞപ്പോൾ ചില തു ചേർത്തിട്ടുമുണ്ട്.

അവിടുത്തെ ജ്യേഷ്ഠനായിരുന്ന വെണ്മണി മഹൻ നമ്പൂതിരിപ്പാടിനെപ്പററി ചെറുപ്പത്തിലെഴുതിയ ഒരു ഛം യാശ്ലോകം ആകൃതിപ്രകൃതികളെ വ്യക്തമായി വരച്ചു കാട്ടിയിട്ടുള്ള ഒരു ചിത്രമാണെന്നു സകലരും സമ്മതിച്ചി ട്ടുണ്ട്.

"ഉൻമേഷത്തൊടുതാൻ മുറുക്കിയരിക
ത്തൽപാ മുറുക്കാനുമായ്
പുന്നാതെ മണി പത്തടിപ്പതുവരെ
മൂടിപ്പുതച്ചങ്ങനെ

‘ബ്രഹ്മസ്വം മഠ’മായതിൻെറ പടിയിൽ
പൂർണ്ണാനുമോദം പര-
ബ്രഹ്മം കണ്ടരുളുന്ന വെണ്മണി മഹൻ
നമ്പൂതിരിയെക്കണ്ടു ഞാൻ.”

അടുത്തതായി ഉദ്ധരിക്കുന്ന ഛായാശ്ലോകം കൊടുങ്ങല്ലൂരുണ്ടായിരുന്ന നാട്ടുവൈദ്യൻ ഈച്ചരവാരിയരുടെ ഒരു പ്രതിബിംബം തന്നെയാണ്. അതിലെ രസികത്വം കൂടെ പരിശോധിക്കാം:-

“മുണ്ടും ചുററിച്ചുരുക്കത്തൊടു കൃതവിനയം
പൊക്കിൾ കാണിച്ചു രണ്ടാം
മുണ്ടും കക്ഷത്തു വച്ചങ്ങിനെ ചെറിയപൊടി-
ഡ്ഢപ്പി, താക്കോലുമായി

മിണ്ടുമ്പോൾ കൊഞ്ഞിയാലും ചിലഫലിതമൊടും
ലാക്കൊടും ചേർന്നിടുന്നീ
മുണ്ടച്ചാരാരിതെത്തുന്നിതു സരസമൊതു-
ങ്ങിപ്പതുങ്ങിപ്പതുക്കെ.”

വെള്ളാങ്കല്ലൂർ രവിവർമ്മത്തമ്പുരാനെ ചിത്രീകരിച്ചിരിക്കുന്ന പദ്യം ഫലിതം നിറഞ്ഞതാണ്.

“കണ്ടാൽ മൂഷിക മുഖനുടൽ
കണ്ടാൽ കടലുണ്ടമാമുനിക്കുസമം
കുണ്ടാമണ്ടികൾ കാട്ടി-
ക്കൊണ്ടാരെത്തുന്നു കൊച്ചുരവിയാണോ?”

കൊടുങ്ങല്ലൂർ കവിസദസ്സിലെ അംഗങ്ങളെല്ലാം ചേർന്ന് മരുമകൻ തമ്പുരാനെക്കുറിച്ചു ഓരോ ഛായാശ്ലോകമെഴുതി. എഴുത്തുകാർ വെണ്മണിമഹൻ, കാത്തുള്ളി, കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ നടുവത്തച്ഛൻ, മഹൻ ഇവരെല്ലാമായിരുന്നു. തമ്പുരാൻെറ ശ്ലോകം ഇതാണ്:—

"ചപ്രെച്ചിട്ട കുടുമ്മയും, ചപലഭാവ-
ത്തോടു കമ്പം നടി
ച്ചെപ്പോഴും തകൃതിത്വവും, സരസമായ്-
സത്തേന്തിടും ബുദ്ധിയും,
ശുഭ്രത്വത്തോടു കട്ടിമുണ്ടു, മധികം-
കാട്ടും നവീനത്വവും
കെൽപ്പോടൊത്തൊരുവൻ വരുന്നു-
തലതീപ്പൊള്ളിപ്പെടും പാടൊടും."

ആ ആളിനെ സംബന്ധിച്ച ഛായാശ്ലോകം തന്നെ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനെഴുതിയിരിക്കുന്നതിങ്ങനെയാണ്.

"പള്ളക്കാൽ, പാച്ചിൽ, പാറപ്പെരുമടി, പലരായ്-
നേർത്തു മർമ്മങ്ങൾ തന്നിൽ
കൊള്ളിക്കും തർക്കുവാക്കുന്തിയ പുരികമഹോ
കൂർത്തധീ, ധൂർത്തനാട്യം
ഉള്ളിൽക്കൂട്ടാൻ പറച്ചിട്ടൊരു കുടുമ, മുഴു-
ക്കമ്പവേഷം, വിശേഷാൽ
പ്പൊള്ളിക്കേടേററ പാടെന്നിവയൊടണയു മീ
യാളുകോമാളിതന്നെ."

ഛായാശ്ലോകമല്ല എങ്കിലും തീവണ്ടിയെപ്പററി എഴുതിയ എട്ടുശ്ലോകങ്ങളിൽ ഒന്ന്:-

"ആരോടുമില്ല വിരസം, വളരെക്കരാറു-
ണ്ടാരോ വഴിക്കു കയറീട്ടു നിലയ്ക്കുനിൽക്കും.
നേരോർക്കിലൂഴിയിൽ നടപ്പു പരന്നു, വെള്ള
ക്കാരോടു തുല്യമവർ തീർത്തെഴുമാവിവണ്ടി."

ഇങ്ങനെ തമ്പുരാന്റെ വ്യക്തിത്വം തെളിയിക്കുന്ന എത്ര ശ്ലോകങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാനുണ്ട്.

## ൨൰ കേരളവ്യാസന്റെ അന്ത്യം

തിരുമനസ്സിലെ അവസാനകാലം അടുത്തപ്പോഴേയ്ക്ക് കവനവിഷയത്തിലെന്നല്ല സകല കാര്യങ്ങളിലും പൂർവാധികം ഉൽസാഹം വർദ്ധിച്ചു. അദ്ദേഹം എന്നും അരോഗദൃഢഗാത്രനായിരുന്നു. പുരാണങ്ങളെല്ലാം തർജ്ജമ ചെയ്യണമെന്നതായിരുന്നു ജീവിതാഭിലാഷം. കൊച്ചുണ്ണിത്തമ്പുരാൻ ഭാഗവതതർജ്ജമ നിർവഹിച്ചതുതന്നെ തൃപ്തികരവുമായിരുന്നു അങ്ങനെയിരിക്കെ കൊച്ചിയിൽ സ്ഥാനത്യാഗം ചെയ്ത മഹാരാജാവിന്റെ ഷഷ്ടിപൂർത്തിസ്മാരകമായി ഒരു ഹാൾ നിർമ്മിച്ച് തമ്പുരാൻ മുൻപന്തിയിൽ നിന്ന് ഒരു പൊതുവായനശാലയും തുടങ്ങി.

അക്കാലത്തുതന്നെ മകൾ സരസ്വതിയുടെ വിവാഹം ആർഭാടസമന്വിതം നടത്തുകയുണ്ടായി. ആയിടയ്ക്ക് പി. വി. കൃഷ്ണവാര്യർക്കെഴുതിയ ഒരു മംഗളപദ്യത്തിൽ അറം കലർന്നിരുന്നു എന്ന് അന്നാരും അറിഞ്ഞിരുന്നില്ല. ആ പദ്യം നോക്കുക:—

"രാജദ്ഭാവരസം സരസ്വതിമുഖം
വാണാലിശേഷന്റെയും
സൗജന്യക്കടൽ മങ്കയാം ദയകരൾ
ത്തട്ടാണ്ടു കൃഷ്ണന്റെയും
വ്യാജം വിട്ട നടപ്പെടുത്തു വിലസും
ശ്രീകൗമുദീകാമുക-
ഭ്രാജന്മൗലി പരൻ പരംപരസുഖം."
നൽകാൻ പ്രസാദിക്കണം."

ഈ ശ്ലോകം എഴുതി പതിനൊന്നോ പന്ത്രണ്ടോ ദിവസം കൂടിയേ അദ്ദേഹം ജീവിച്ചിരുന്നുള്ളൂ.

ഒരു ചരമവിംശതിയിൽ തമ്പുരാൻ തന്നെ പറഞ്ഞിരിക്കുന്ന തിങ്ങനെയാണ്:—

"മൂഢന്നും പണ്ഡിതന്നും പെരിയധനികനും
പിച്ചതെണ്ടുന്നവന്നും
പ്രൗഢന്നും പ്രാകൃതന്നും പ്രഭുവിനിടയനും
കണ്ട നായ്ക്കും നരിക്കും
ബാഢം ബാധിക്കുമാറായ്പ്പകലുമിരവിലും
ലോകമോർക്കാതെ മായാ—
ഗൂഢക്കയ്യാൽ മയക്കും മഹിത മരണമേ,
നിൻെറ ഘോഷം വിശേഷം."

കൊല്ലവർഷം 1088. അക്കൊല്ലവും കൊടുങ്ങല്ലൂർ താലപ്പൊലി വിജയകരമാക്കാൻ വേണ്ടതു ചെയ്തുകൊണ്ടു തമ്പുരാൻ രംഗത്തുണ്ടായിരുന്നു. മകരസംക്രാന്തിക്കു ഭഗവതി ക്ഷേത്രത്തിൽ പതിവുള്ള കഥകളി, നാടകം, കൈകൊട്ടിക്കളി, കോലടി തുടങ്ങിയ വിനോദപരിപാടികൾ കാണുവാനും അമ്പലത്തിലെത്തിയിരുന്നു. കൂട്ടുകാരെക്കിട്ടിയപ്പോൾ ചതുരംഗത്തിനു കൂട്ടമെന്നായി. കോവിപ്പള്ളിൽ വീട്ടിൽ കളിച്ചു രസിച്ചിരുന്ന കൂട്ടത്തിൽ അസമയത്തു കഴിച്ച ഭക്ഷണം ഉദരപീഡയ്ക്കു കാരണമായി. എങ്കിലും ഒന്നുറങ്ങിയുണർന്ന് തൊഴാൻ പോകാനായി. കുളി കഴിഞ്ഞു അമ്പലത്തിൽക്കയറി തൊഴുതുകൊണ്ടു നിൽക്കവേ ധൃതിയിൽ പടിഞ്ഞാറേ നട തുറപ്പിച്ചു വെളിയിൽക്കടന്നു എന്നു പറഞ്ഞാൽ മതി. കാരണം വയററിലെ ദഹനക്കേടായിരുന്നു. ഉദരരോഗം മൂർച്ഛിച്ച് അദ്ദേഹം കോട്ടക്കോവിലകത്ത് മാളികയിൽ കയറിക്കിടപ്പായി. ... ... ... ... ... ...
ഉൽസവസ്ഥലത്തു കാണായ്കയാൽ തിരുമേനിയെ അന്വേഷിച്ച് ആ സുഹൃത്സംഘം വന്നുചേർന്നു. ഡോക്ടറന്മാരെയും

വൈദ്യൻമാരെയും വരുത്തി. പലരും സംശയമില്ലെന്നു പറ ഞ്ഞെങ്കിലും രോഗം 'അതിസാര'മായിരുന്നു. നാലു ദിവസം കഴിഞ്ഞ് അമ്മയുടെ താമസസ്ഥലത്തേക്കു മാററി. അവിടെ വച്ച് കൊച്ചുണ്ണിത്തമ്പുരാൻെറ അഭിപ്രായപ്രകാരം ദേവി യെ സ്തുതിച്ച് "ലോകമാതാവിനിസ്സർവ" എന്നു തുട ങ്ങി കുറേ ശ്ളോകങ്ങൾ എഴുന്നേററിരുന്നു കുറിച്ചു. പതി വിനു വിപരീതമായി നട തുറപ്പിച്ച കുററബോധം മന സ്സിൽക്കൊണ്ട്

"അവിടുത്തേയ്ക്കു പിഴ ചെ-

യ്തിവിടെക്കിട്ടുമോ സുഖം?" എന്ന് ആ കവിത യിൽ കൊള്ളിച്ചിരുന്നു.

തുടർന്ന് അബോധാവസ്ഥയിൽത്തന്നെ, 'ആധുനിക പരിഷ്കാരം എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രസംഗവും ചെയ്തു. തൻെറ സുഖക്കേടു നിമിത്തം അന്യരായിരിക്കും കൂടുതൽ ദുഃഖിക്കുന്നത് എന്നും ആ അവസാനകൃതിയിൽ പറഞ്ഞിരുന്നു:-

"ഹന്ത! ദൂരസ്ഥർ ദുഃഖിപ്പൂ

സ്വാന്തസ്ഥ സുഖമെന്നിയേ" എന്ന്.

തമ്പുരാൻെറ രോഗം മൂർച്ഛിച്ചു ഡോക്ടർ കൂംബ്സ് എന്ന സായ്പും ശ്രദ്ധാപൂർവം ചികിത്സിച്ചു. മകരം പത്ത്. വെളുത്ത വാവുദിവസം. ബ്രാഹ്മണർക്കു ദാനവും സാധുക്കൾക്കു ധർമ്മക്കഞ്ഞിയും പശുക്കൾക്കു പുല്ലും കൊ ടുത്തു. സമയം വൈകുന്നേരം അഞ്ചുമണി.

കേരളീയരുടെ ആരാധനാമൂർത്തി കേരളവ്യാസൻ തൃക്കണ്ണു പൂട്ടി. ആ നാദധാര നിലച്ചു. സകല ജനങ്ങളും കണ്ണീർ തൂകി, ശിലാസ്തംഭങ്ങൾ പോലെ നിന്നുപോയി. കുഞ്ഞി ക്കുട്ടൻതമ്പുരാൻ തീപ്പെട്ടു എന്ന ദുഃഖവാർത്ത നാടാകെപ്പര ന്നു. ശവസംസ്കാരവും കഴിഞ്ഞു.

പലരും ചരമശ്ലോകങ്ങളെഴുതി. വള്ളത്തോളിന്റെ കവിത ഇതാണ്.

"ചിക്കെന്നു വിജ്ഞാന വിശേഷരത്ന-
ച്ചെപ്പായിരുന്നത്തല ചാമ്പലായി
നിനയ്ക്കവയ്യെൻ മലയാളഭാഷേ
നിർഭാഗ്യയാം നിൻഗതിയെന്തു മേലിൽ.
എല്ലാരിലും സൗഹൃദമൊന്നു പോലാ-
ണെന്തമ്പുരാനില്ലൊരു പക്ഷഭേദം
കണ്ണാടി പോലെ വിമലം കരംക്കാ-
മ്പതൊക്കെ നമ്മൾക്കിനിയോർക്കമാത്രം.'

എന്ന് ആ ആത്മാർത്ഥതയിൽ നിന്നു തീർത്തു പാടിയത് ആരുടെയും ഹൃദയത്തിൽ തട്ടുന്നതാണ്.

"തലനിറച്ചു കുടുമ്മ, ഉള്ളു നിറച്ച്യ പഴമ, ഒച്ചപ്പെടാത്ത വാക്ക്, പുച്ഛം കലരാത്ത നോക്ക്, നനുത്ത മെയ്യ്, കനത്ത ബുദ്ധി, നാടൊക്കെ വീട്, നാട്ടുകാരൊക്കെ വീട്ടുകാര്" എന്ന് അമ്പാടി നാരായണപ്പുതുവാൾ ചിത്രീകരിച്ചിരുന്ന ആ പുണ്യശ്ലോകനിൽനിന്നും നമുക്കെന്തെല്ലാം പ്രതീക്ഷിക്കാമായിരുന്നു.

എട്ടു മുണ്ടും നാലു തോർത്തും കൊണ്ടു ജീവിതാഡംബരത്തിൽ സംതൃപ്തനായിരുന്ന തമ്പുരാൻ ആയുഷ്കാലം മുഴുവൻ സാഹിത്യൈക ശരണനായ ഒരു ഉത്പതിഷ്ണു വായിക്കഴിച്ചുകൂട്ടി. ആ നാൽപ്പത്തെട്ടു വയസ്സിനിടയിൽ കൈരളിക്കു വേണ്ടിച്ചെയ്ത സംഭാവനകൾ കുറച്ചു വല്ലതുമാണോ ? അതുമതി; സമാധാനിക്കാം.

സാഹിത്യപഞ്ചാനനൻ, തമ്പുരാന്റെ ചരമമറിഞ്ഞു പറഞ്ഞതിതാണ്. "ശിവശിവ! ഇത്രമാത്രം മഹാനായ അവി

ടുത്തെ അപ്രാപ്തകാലമായ ചരമഗതി ആരെയാണു പരിതപിപ്പിക്കാത്തത്. സമ്പൂർണ്ണവികാസമാകാതെ ഞെരിഞ്ഞുപോയ മന്ദാരകുസുമമെന്നല്ലാതെ അദ്ദേഹത്തെ സങ്കൽപ്പിക്കവയ്യ."

മഹാകവി ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ തമ്പുരാനെപ്പററി പറഞ്ഞവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്. "നിസ്സങ്ഗനും നിർല്ലേപനുമായ ഒരു ഋഷികല്പൻെറ നിലയിലാണ് അദ്ദേഹം ലോകയാത്ര ചെയ്തത്. മൂർത്തിമത്തായ ഉൽസാഹ എന്ന് ആ കവികുലഗുരുവിനെ വർണ്ണിക്കാം. ഇന്നു നാം കാണുന്ന ഭാഷാഗദ്യത്തിൻെറ അടിസ്ഥാനം ഉറപ്പിച്ചതു വലിയകോയിത്തമ്പുരാനാണെങ്കിൽ പദ്യത്തിൻെറ അസ്തിവാരം ബലപ്പെടുത്തിയതു കുഞ്ഞിക്കുട്ടൻ തമ്പുരാനുമാണ്."

തമ്പുരാൻെറ ചരമവാർത്ത കേട്ട് കേരള കാളിദാസൻ കദനഭാരം പേറാനശക്തനായി "ഹാ! കൈരളിയുടെ കഥ കഴിഞ്ഞു" എന്നാണു പറഞ്ഞുപോയത്. എന്തിനധികം. കുമാരനാശാൻെറ ഒരു ശ്ലോകം ഉദ്ധരിച്ചു സമാശ്വസിക്കാം.

"സാധിച്ചു വേഗമഥവാ നിജജന്മകൃത്യം
സാധിഷ്ഠ ൦ർ പോട്ടിഹ സദാനിശിപാന്ഥപാദം
ബാധിച്ചു രൂക്ഷശില വാഴ്വതിൽ നിന്നു മേഘ-
ജ്യോതിസ്സു തൻക്ഷണിക ജീവിതമല്ലി കാമ്യം?"

ആ മഹാജ്യോതിസ്സിൻെറ പാവനസ്മരണ സാഹിത്യകാരന്മാർക്കും കൈരളിക്കും എന്നെന്നും ഒരു പ്രചോദനമാണ്.

## കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻെറ
## —കൃതികളുടെ ഒരു പട്ടിക.—

സംസ്കൃതം :

1. ജരാസന്ധവധം
2. കിരാതാർജ്ജുനീയം
3. സുഭദ്രാഹരണം
4. ദശകുമാരചരിതം (അപഹാരവർമ്മചരിതംവരെ) — നാലു വ്യായോഗങ്ങൾ

5. ബഭ്രുവാഹനവിജയം
6. ശ്രീശങ്കരഗുരുചരിതം } എന്നീ രണ്ടു ഖണ്ഡകാവ്യങ്ങൾ

7. ആര്യാശതകം
8. സ്വയംവരമന്ത്രാക്ഷരമാല
9. കിരാതരുദ്രസ്തവം } എന്നീ സ്തോത്രങ്ങൾ.

10. കൃതജ്ഞസ്തുരുഷ്ക:
11. വിളംബിമഞ്ജുഷാ

[1070–നു മേൽ കോട്ടയ്ക്കൽ 'ഗീർവാണിസഭ'യുടെ ആവശ്യത്തിനു രചിച്ചിട്ടുള്ളത്.]

ഗുരുവായുപുരേശസ്തവം, പ്രാർത്ഥനാ, കാലടി എന്നിങ്ങനെ ചില ലഘു കൃതികളും കുറേ കത്തുകളും തമ്പുരാൻ സംസ്കൃതത്തിൽ എഴുതീട്ടുണ്ട്. 'ധനശാസ്ത്രകാരികാ' 27 അനുഷ്ടുപ്ശ്ലോകങ്ങൾ മാത്രമാണ്. അതു ഭാഷയിൽ വിവർത്തനം ചെയ്തിട്ടുണ്ട്.

ഭാഷാകൃതികൾ.— (A) സ്വതന്ത്രഭാഷാകൃതികൾ

1. കാവ്യങ്ങൾ: —

12. കവിഭാരതം (1062)
13. അംബോപദേശം
14. ദക്ഷയാഗശതകം (1065)
15. നല്ല ഭാഷ (1066)
16. മദിരാശിയാത്ര (1066)
17. പാലുള്ളിചരിതം (1067)
18. തുപ്പൽക്കോളാമ്പി (1068)
19. ഹംസസന്ദേശം (1072)
20. കംസൻ
21. കൃതിരത്നപഞ്ചകം—നാരായണാസ്ത്രദാനം, ഭീമയോഗം, യാത്രാദാനം, ഭീഷ്മസമാധി, യുധിഷ്ഠിരശമം.
22. കേരളം ഒന്നാം ഭാഗം (1087)
23. ദ്രോണാചാര്യൻ (ഒടുവിലത്തെ ഭാഷാകാവ്യം; അപൂർണ്ണം)

II രൂപകങ്ങൾ: —

24. ലക്ഷ്മണാസംഗം (1065)
25. നളചരിതം (1066)
26. ചന്ദ്രിക-നാടിക (1066)
27. സന്താനഗോപാലം (1066)
28. സീതാസ്വയംവരം
29. ഗംഗാവതരണം (1067)
30. ശ്രീമാനവിക്രമവിജയം (1074)
31. മാർത്താണ്ഡവിജയം (മൂന്നാമങ്കംവരെ തീർന്ന ഗാനസങ്കലിതമായ ഒരു നാടകം; അപൂർണ്ണം)

HIGH SCHOOL

32. മധുസൂദന വിജയം (കൊട്ടാരത്തിൽ ശങ്കുണ്ണി വായിച്ചിട്ടുണ്ട്; ഇപ്പോൾ അലഭ്യം) ആട്ടക്കഥ.
33. ഘോഷയാത്ര.

III ഗാഥകൾ (പാട്ടുകൾ)

34. അയോധ്യാകാണ്ഡം (അഞ്ചുകളം)
35. ആത്മബോധം - പാന
36. ചൊവ്വര കൃഷ്ണൻപാന, ഏററുമാനൂരപ്പൻ പാന, ഭൂതപുരത്തപ്പൻപാന, വൈ ‌ത്തപ്പൻപാന, വേട്ടയ്ക്കൊരു മകൻപാന എന്നിങ്ങനെ ഭഗവൽ സ്തുതിപരങ്ങളായ അഞ്ചുപാനകൾ.
37. പട്ടാഭിഷേകംപാന
38. ദോഷവിചാരം കിളിപ്പാട്ട്
39. രാധാമാധവയോഗം വഞ്ചിപ്പാട്ട്
40. ഷഷ്ടിപൂർത്തി മങ്ഗളം വഞ്ചിപ്പാട്ട്
41. കൊടുങ്ങല്ലൂർ ഭഗവതി കുറത്തിപ്പാട്ട്
42. മയൂരധ്വജചരിതം പത്തുവൃത്തം കൈകൊട്ടിക്കളിപ്പാട്ട്
43. പലവക പാട്ടുകൾ
44. ഖണ്ഡകൃതികൾ:—ഇവ സംഖ്യാതീതങ്ങളാണ്.

(1) കുലുക്കമില്ലാവൂർ, (2) എരുവയിൽ അച്യുതവാര്യർ, (3) കൂടൽ മാണിക്യം, (4) ഒരുകരാർ,
(5) ഒരു ചരിത്രകഥ, (6) ഗർവശമനം, (7) ഉദയസിംഹൻ, (8) ഒരിന്ദ്രജാലം, (9) ബ്രഹ്മരക്ഷസ്സ്,
(10) ഒടി തുടങ്ങിയ കഥകളും, (11) ഒരു സായങ്കാലം,
(12) ഒരായാസം, (13) ഒരു ശതാബ്ദത്തിനപ്പുറം,
(14) മടി, (15) കാലടി മുതലായ വർണ്ണനാത്മകങ്ങളും ചിന്താപരങ്ങളുമായ കൃതികളും, (16) പരശുരാമാഷ്ടകം, (17) വെൺമണി യക്ഷിസ്തവം,
(18) ഭദ്രകാള്യഷ്ടകം, (19) ദേവീഭുജങ്ഗസ്തോത്രം ഇത്തരത്തിലുള്ള സ്തോത്രങ്ങളും.

IV ശാസ്ത്രഗ്രന്ഥങ്ങൾ:—

45. കരപ്പൻ (ബാലചികിൽസ)

46. മലയാള ശബ്ദശാസ്ത്രം ഒടുവിലത്തെ ആറു പ്രകരണങ്ങൾ, (1074)

47. ശബ്ദാലങ്കാരം.

(B) തർജ്ജമകൾ:— ഇതിഹാസപുരാണങ്ങൾ:—

48. മഹാഭാരതം (ഹരിവംശസഹിതം) (1079—1081)

49. ശ്രീമൽഭാഗവതം (ചതുർത്ഥസ്കന്ധം വരെ)

50. ഹരിശ്ചന്ദ്രോപാഖ്യാനം (1083)

കാവ്യങ്ങൾ:—

51. കാദംബരീ കഥാസാരം (1073)

52. ശങ്കരാചാര്യചരിതം (1073)

53. ശുകസന്ദേശം (1078)

54. കോകിലസന്ദേശം

55. ഭാർതമഞ്ജരി (ദ്രോണപർവം) (1078)

56. ശ്രീസ്തുതി (ഒടുവിലത്തെ വിവർത്തിത കാവ്യം)

രൂപകങ്ങൾ:—

57. വിക്രമോർവശീയം (1067)

58. ആശ്ചര്യചൂഡാമണി (1068)

59. ചന്ദ്രികാവീഥി,

60. ഹാംലെററ് (1071)

61. ഒതെല്ലോ (രണ്ടാമങ്കം ഏതാനും ഭാഗംവരെ; അപൂർണ്ണം)

62. അഭിജ്ഞാനശാകുന്തളം

ഇവ കൂടാതെ (1) അൽഭുതരാമായണം കിളിപ്പാട്ട് (1066-ൽ ആരംഭിച്ചത്.) (2) മാണിക്യസാരം എന്ന പേരിൽ പാശ്ചാത്യരീതിയിൽ ശോകപര്യവസായിയായ നാടകം (3) അർത്ഥാലങ്കാരം എന്നീ ഗ്രന്ഥങ്ങളും തുടങ്ങിവച്ചിരുന്നു.

PRINTED AT
PRESS RAMSES, TRIVANDRUM.

6805

232

മലയാളപദ്യസാഹിത്യകാരന്മാർ– 6

## കൊടുങ്ങല്ലൂർ

# കുഞ്ഞിക്കുട്ടൻതമ്പുരാൻ

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്

തിരുവനന്തപുരം

1978